34/2009
28.01.2009

# ഇടയലേഖനം-93

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരെ,

ഫെബ്രുവരി 22-ാം തിയതി ഞായറാഴ്ച പാതിരാത്രി മുതൽ വലിയ നോമ്പ് ആരംഭിക്കുകയാണല്ലൊ. ഇക്കാലത്തിലെ കുർബ്ബാനയിലെ സമൂഹ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നത് പോലെ ലോക പാപങ്ങളുടെ പരിഹാരമായ മിശിഹായുടെ സഹന ജീവിതത്തോടു യോജിച്ചു കൊണ്ട് ആത്മ വിശുദ്ധീകരണത്തിനായി യത്നിക്കുവാൻ ദൈവം ഒരുക്കി തരുന്ന അവസരമാണിത്. നാല്പതു രാവും നാല്പതു പകലും തപസ്സനുഷ്ടിച്ച കർത്താവിനെ അനുകരിച്ച് തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ നോമ്പുകാലം നാം ചിലവഴിക്കണം. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടായ മിശിഹായെപ്പോലെ നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കുവാനും ഇക്കാലം നാം വിനിയോഗിക്കണം.

പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ചുകൊണ്ടും പ്രായശ്ചിത്ത പ്രവൃത്തികളും ദാനധർമ്മങ്ങളും വഴി അവയ്ക്കു പരിഹാരം അനുഷ്ഠിച്ചുകൊണ്ടും കർത്താവിലേക്കു തിരിയുമ്പോൾ സ്നേഹവായ്പ്പോടെ അവിടുന്ന് നമ്മെ സ്വീകരിക്കും. സങ്കീർത്തകൻ പറയുന്നതുപോലെ കർത്താവു എത്രയൊ നല്ലവനാണെന്ന് അപ്പോൾ നാം രുചിച്ചറിയും (സങ്കീ 34.8) പാപികളായ നമ്മളോടുള്ള ദൈവത്തിന്റെ കാരുണ്യത്തെയും സ്നേഹത്തെയുമാണ് നോമ്പു കാലത്തു നാം ചൊല്ലുന്ന 103-ാം സങ്കീർത്തനം നമ്മെ അനുസ്മരിപ്പിക്കുന്നത്. കർത്താവ് ഏറ്റം





ദയാലുവും ഉദാരശീലനും ദാക്ഷിണ്യവാനുമാണ്. നിത്യമായി അവിടുന്ന് കോപിക്കുകയില്ല. അവിടുത്തെ കോപം നീണ്ട നിൽക്കുകയുമില്ല.അവിടുന്ന് പാപത്തിന്റെ ഗൗരവം നോക്കുന്നില്ല. അതിന്റെ വലിപ്പമനുസരിച്ച് ശിക്ഷിക്കുന്നുമില്ല. ആകാശത്തോളം ഉയരുന്ന കാരുണ്യം അവിടുന്ന് തന്റെ ഭക്തരോട് പ്രദർശിപ്പിക്കുന്നു. പിതാവ് മക്കളോടെന്നപോലെ അവിടുന്ന് അവരോട് കാരുണ്യം കാണിക്കുന്നു (സങ്കീ.103)

ദൈവം കാരുണ്യവാനാണ്.അവിടുന്ന് നാം ഓരോരുത്തരോടും കാണിച്ച കാരുണ്യം അനന്തമാണ്.എന്നാൽ ദൈവം എപ്പോഴും കരുണ കാണിക്കും എന്നു കരുതി വീണ്ടും വീണ്ടും നാം പാപം ചെയ്യരുത്. നമ്മെ അനുതാപത്തിലേക്കും മാനസാന്തരത്തിലേയ്ക്കും നയിക്കുകയാണ് ദൈവത്തിന്റെ കരുണയുടെ ലക്ഷ്യം എന്ന കാര്യം നാം മറക്കരുത്.വിശുദ്ധപൗലോസ് ശ്ലീഹാ ചോദിക്കുന്ന ചോദ്യം ഇതാണ്. “അവിടുത്തെ നിസ്സീമമായ ദയയും സഹിഷ്ണുതയും ക്ഷമയും നീ നിസ്സാരമാക്കുകയാണോ ചെയ്യുന്നത്? നിന്നെ അനുതാപത്തിലേയ്ക്ക് നയിക്കുകയാണ് ദൈവത്തിന്റെ ദയയുടെ ലക്ഷ്യമെന്ന് നീ അറിയുന്നില്ലേ?(റോമ 2.4) നോമ്പിലെ ആദ്യ ഞായർ “പേത്തർത്താ” യാണ്. ‘തിരിഞ്ഞുനോക്കൽ’ എന്നാണ് ഈ സുറിയാനി പദത്തിന്റെ അർത്ഥം. ഇന്നുവരെയുള്ള നമ്മുടെ ജീവിതത്തിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ നമുക്കൊക്കെ ബോധ്യമാകും, നിസ്സീമമായ ദയയും ക്ഷമയും സഹിഷണുതയുമാണ് ദൈവം നാം ഓരോരുത്തരോടും കാണിച്ചത് എന്ന്. ദൈവം അപ്രകാരം ചെയ്തത് നമ്മെ അനുതാപത്തിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ്.അത് മനസ്സിലാക്കാതെ നമ്മുടെ ഹൃദയം നാം കഠിനവും അനുതാപരഹിതവുമാക്കുകയാണെങ്കിൽ നാം നമുക്ക് തന്നെ കോപം സംഭരിച്ചു വയ്ക്കുകയാണ്. എന്തെന്നാൽ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് അവിടുന്ന് പ്രതിഫലം നൽകും (1 റോമ 2.5-6). അതിനാൽ വിശുദ്ധ ശ്ലീഹാ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് നമ്മോടു അപേക്ഷിക്കുന്നത്, നാം നമ്മുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കണമെന്നാണ് (റോമ 12.1). ചുരുക്കത്തിൽ പാപങ്ങളെ പറ്റി അനുതപിക്കു

വാനും പ്രായശ്ചിത്തമനുഷ്ഠിക്കുവാനും ജീവിതത്തെ നവീകരിക്കുവാനും നോമ്പുകാലം നാം പ്രയോജനപ്പെടുത്തണം.

നോമ്പുകാലത്ത് ചെയ്യേണ്ട ഏറ്റവും വലിയ പ്രായശ്ചിത്തം പഴയ മനുഷ്യനെ ഉരിഞ്ഞ് മാറ്റി പുതിയ മനുഷ്യനെ ധരിക്കുകയാണ്. അത് ചെയ്യേണ്ടത് നോമ്പിന്റെ ആരംഭത്തിലാണ്, അവസാനത്തിലല്ല. മിശിഹായോടൊന്നിച്ച് പാപത്തിന് മരിക്കുകയും അവിടുത്തെപോലെ പിതാവിനായി ജീവിക്കുകയും ചെയ്യുമ്പോഴാണ് നോമ്പിന്റെ യഥാർത്ഥ ഫലം പ്രാപിക്കുന്നത്. മാനസാന്തരം നോമ്പിന്റെ ആരംഭത്തിലാണ് നടക്കേണ്ടത്. മാനസാന്തരത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള അവസരമാണ് നോമ്പുകാലം. രക്ഷാകര സംഭവങ്ങളെ വെറും ചരിത്ര സംഭവങ്ങളായി ഓർമ്മിക്കാനല്ല, അവയിൽ ജീവിക്കാനാണ് നോമ്പുകാലത്ത് തിരുസഭ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

വലിയ പരിഹാര പ്രവൃത്തികളാണ് നോമ്പുകാലത്ത് നമ്മുടെ പൂർവ്വികർ അനുഷ്ഠിച്ചിരുന്നത്. ഞായറാഴ്ച ഒഴിച്ചുള്ള എല്ലാ ദിവസങ്ങളും അവർക്ക് ഉപവാസ ദിവസങ്ങളായിരുന്നു. പിന്നീട് നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും മാത്രമായി ഉപവാസം. ഇപ്പോഴാകട്ടെ നോമ്പിലെ ആദ്യ ദിവസമായ വിഭൂതി തിരുനാളിലും ദു:ഖവെള്ളിയാഴ്ചയും മാത്രമേ ഉപവസിക്കുവാൻ കടമയുള്ളു. നോമ്പുകാലത്ത് നാം മാംസം വർജ്ജിക്കുന്നുണ്ട്. ഇതുകൂടാതെ നല്ലമനസ്സാലെ പ്രായശ്ചിത്ത പ്രവർത്തികളും ആശയടക്കങ്ങളും ദാനധർമ്മവും ചെയ്യുന്നവർ പലരും ഉണ്ട്. ഈ നല്ല പാരമ്പര്യങ്ങൾ നോമ്പുകാല ചൈതന്യം ഉൾക്കൊള്ളുവാൻ നമ്മെ സഹായിക്കുന്നു. എന്നാൽ ബാഹ്യമായ ഈ പരിഹാര കൃത്യങ്ങൾ കൊണ്ട് നാം തൃപ്തരാകരുത്. ജീവിത പരിവർത്തനമാണ് സർവ്വ പ്രധാനം. നമ്മുടെ പരിഹാര പ്രവൃത്തികൾ അതിന് സഹായകമാകണം. യഥാർത്ഥമായ പരിഹാരം അടങ്ങിയിരിക്കുന്നത് ജീവിതനവീകരണത്തിലാണ് എന്നു നാം മനസ്സിലാക്കണം. ജീവിത പരിവർത്തനത്തിലേക്ക് നയിക്കാത്ത പരിഹാര പ്രവർത്തികൾ കൊണ്ട് വലിയ ഗുണമൊന്നും ഉണ്ടാകുന്നില്ല. ദൈവം ആഗ്രഹിക്കുന്നത് നമ്മുടെ വിശുദ്ധീകരണമാണ് (1.തെസ.3.3).





'അനുതപിക്കുക''പരിഹാരം' ചെയ്യുക എന്നതുവഴി ഈശോ അർത്ഥമാക്കിയതും ജീവിത നവീകരണമാണ്. നമുക്ക് ഓരോരുത്തർക്കും ഒരു ദൈവവിളിയുണ്ട്. ആ വിളിക്കനുസരിച്ച് ദൈവത്തെയും സഹോദരരെയും സ്നേഹിച്ചുകൊണ്ട് നാം ജീവിക്കണം. അങ്ങനെയാണ് നാം നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കേണ്ടത്. എന്നാൽ അത് എളുപ്പമുള്ള കാര്യമല്ല. കാരണം നാം എപ്പോഴും നമ്മുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കാനാണ് പ്രേരിതരാകുന്നത്. നമ്മുടെ സുഖവും സംതൃപ്തിയും ലാഭവുമാണ് നാം പലപ്പോഴും അന്വേഷിച്ചിരുന്നത്. തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ ഈശോ പ്രലോഭിതനായതും അപ്രകാരം പ്രവർത്തിക്കാനാണ്. എന്നാൽ ആത്മീയമായി ശക്തിപ്രാപിച്ചിരുന്ന അവിടുത്തേയ്ക്ക് അവയെ അതിജീവിക്കാൻ സാധിച്ചു. മൂന്ന് പരീക്ഷണങ്ങളെ മാത്രമല്ല ഈശോ നേരിട്ടത്. ജീവിത കാലം മുഴുവൻ അവിടുത്തേയ്ക്ക് പരീക്ഷണങ്ങൾ ഉണ്ടായിരുന്നു. നാൽപതുദിന രാത്രങ്ങൾ മാത്രമല്ല അവിടുന്ന് ഉപവസിച്ച് പ്രാർത്ഥിച്ചത്. ജീവിത കാലം മുഴുവൻ അവിടുന്ന് ഉപവാസത്തിന്റെ ചൈതന്യത്തിലും പ്രാർത്ഥനയുടെ ശക്തിലും ആയിരുന്നു. പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാനും സ്വന്തം താൽപര്യങ്ങളും പ്രവണതകളും അനുസരിച്ച് പ്രവർത്തിക്കാതിരിക്കാനും നമുക്ക് സാധിക്കണമെങ്കിൽ നമുക്കും ആത്മീയമായ ശക്തി ആവശ്യമാണ്. അതു ലഭിക്കുന്നത് പ്രാർത്ഥനയും ഉപവാസവും ആത്മപരിത്യാഗവും വഴിയാണ്. ഈശോയുടെ പരീക്ഷകളും പ്രലോഭനങ്ങളും നമുക്ക് ശക്തിയും പ്രത്യാശയും നൽകുന്നു. കാരണം " നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കുവാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. അതിനാൽ, വേണ്ട സമയത്ത് കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം(ഹെബ്രാ.4.15-16).

ദൈവത്തിനു പ്രീതികരമായ മറ്റൊരു പ്രായശ്ചിത്തപ്രവർത്തി സഹോദരങ്ങളോടുള്ള നീതിപൂർവ്വകമായ പെരുമാറ്റവും

സ്നേഹവുമാണ്. ഇക്കാര്യം ഏശയ്യാ പ്രവാചകനിലൂടെ ദൈവം ഇപ്രകാരം പ്രകടമാക്കുന്നു. "ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേയ്ക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം ! ഞാങ്ങണപോലെ തലകുനിക്കുന്നതും ചാക്കു വിരിച്ച് ചാരം വിതറി കിടക്കുന്നതും ആണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുക? ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിയ്ക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവെയ്ക്കുകയും ഭവന രഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? (ഏശയ്യ.58: 5/7). ജീവിത പരിവർത്തനം യാഥാർത്ഥ്യമായിത്തീരുന്നത് സഹോദരങ്ങളുടെ നേർക്കുള്ള നീതിയിലും സ്നേഹത്തിലുമാണ് എന്ന കാര്യം നാം വിസ്മരിക്കരുത്.

ആയതിനാൽ ബാഹ്യമായ പരിഹാര പ്രവൃത്തികൾ ചെയ്യുന്നതോടൊപ്പം യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും ആത്മപരിത്യാഗവും സഹോദര സ്നേഹവും നോമ്പുകാലത്ത് നാം പുലർത്തണം. പുതിയ മനുഷ്യരായി നാം ജീവിക്കണം. അങ്ങനെയാണ് നോമ്പുകാലം നാം ഫലദായകമാക്കേണ്ടത്. അതിനുള്ള അനുഗ്രഹം നമുക്കേവർക്കും ദൈവം നൽകട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ഫെബ്രുവരി 22-ാം തീയതി ഞായറാഴ്ച കുർബാന മധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





35/2009
28-01-2009

## വിജ്ഞാപനം-90

മിശിഹായിൽ പ്രിയപ്പെട്ടവരെ,

കേരള സർക്കാർ നിയമിച്ച നിയമ പരിഷ്ക്കരണ സമിതി സർക്കാരിനു സമർപ്പിച്ച നിർദ്ദേശങ്ങളെപ്പറ്റി നിങ്ങൾ ഇതിനകം കേട്ടുകാണും. പ്രസ്തുത നിർദ്ദേശങ്ങളിൽ പലതും നമ്മുടെ വിശ്വാസത്തിനും അടിസ്ഥാന മനുഷ്യാവകാശങ്ങൾക്കും വിരുദ്ധവും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അധാർമ്മികവും യുക്തിരഹിതവുമാണ്.ദയാവധം അനുവദിയ്ക്കാനും മൂന്നാമതൊരുകുട്ടിക്ക് ജന്മം നൽകുന്നതിൽ നിന്ന് ഭാര്യ ഭർത്താക്കന്മാരെ തടസ്സപ്പെടുത്താനും ആത്മഹത്യ അനുവദിക്കുവാനും സഭയുടെ സ്വത്ത് കൈയടക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള കരട് ബില്ലുകളാണ് പ്രസ്തുത സമിതി സർക്കാരിനു സമർപ്പിച്ചിരിക്കുന്നത്.

ദയാവധം നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയിരിക്കുന്ന ബില്ലിന്റെ പേര് Kerala Terminally ill Patients Bill എന്നാണ്. ഓമനത്തമുള്ള പേരാണ് ദയാവധം. ആ പേരിന് പിന്നിലുള്ള പ്രവൃത്തി ഏറ്റം ഹീനവും ക്രൂരവും അധാർമ്മികവുമാണ്. ഡോക്ടർമാരുടെ നിർദ്ദേശവും ബന്ധുക്കളുടെ സമ്മതപത്രവുമാണ് രോഗം മൂലം വേദനയനുഭവിക്കുന്ന ഒരു വ്യക്തിയെ വധിക്കുന്നതിന് ഈ നിയമം ആവശ്യപ്പെടുന്നത്. മനുഷ്യ ജീവന്റെ ദാതാവ് ദൈവമായിരിക്കെ അതു നശിപ്പിക്കാനും ഇല്ലാതാക്കാനും മനുഷ്യർക്കു അവകാശമില്ല. ജീവന്റെ ആരംഭം മുതൽ അവസാനം വരെ അതു കാത്തു സംരക്ഷിക്കുവാനും വളർത്തിപരിപോഷിപ്പിക്കുവാനുമുള്ള കടമയാണ് മനുഷ്യർക്കുള്ളത്. നിയമപരിഷ്കാരത്തിലെ ദയാവധം ജീവനെ കവർന്നെടുക്കലാണ്. കൊല്ലരുത് എന്ന ദൈവപ്രമാണത്തിന്റെ ലംഘനവുമാണ്.ഇപ്പോൾ നിയമം പ്രാബല്യത്തിലുള്ള നെതർലന്റിൽ മൊത്തം മരണത്തിന്റെ ആറിലൊന്നും ദയാവധത്തിലൂടെയാണ് നടക്കുന്നത്. ദുരുപയോഗ സാധ്യത മാത്രമുള്ള ഈ നിയമം സനാതന ധർമ്മത്തിന്റെ ഈറ്റില്ലമായ നമ്മുടെ നാട് വയോജനങ്ങളുടെ കുരുതിക്കളമാകുവാൻ കാരണമാകുമെന്നതിൽ സംശയമില്ല. അതിനാൽ ദയാവധം വിശ്വാസികളായ നമുക്ക് ഒട്ടും സ്വീകാര്യമല്ല.

രണ്ടാമത്തേത് The Kerala Family Well Being Bill ആണ്.

സർക്കാരിനു സമർപ്പിക്കുവാൻ പോകുന്ന ഈ നിയമം മൂന്നാമതൊരു കുട്ടിയുണ്ടാവുന്നതിൽ നിന്ന് ഭാര്യാഭർത്താക്കന്മാരെ തടസ്സപ്പെടുത്തുന്നതും ഗർഭഛിദ്രം പ്രോത്സാഹിപ്പിക്കുന്നതുമാണ്. ജനസംഖ്യാ വർദ്ധനവ് ഭയന്നായിരിക്കാം കമ്മീഷൻ ഈ നിഗമനത്തിലെത്തിയത്. എന്നാൽ, സാമ്പത്തിക അസമത്വത്തിന് മുഖ്യകാരണം ജനസംഖ്യാ വർദ്ധനവല്ല, സ്നേഹ സാഹോദര്യത്തിന്റെ അഭാവമാണെന്ന് സാമ്പത്തിക വിചക്ഷണന്മാർ മനസിലാക്കിയിരുന്നെങ്കിൽ! രണ്ടിൽ കൂടുതൽ മക്കൾ പാടില്ലെന്ന നിർദ്ദേശം പ്രാകൃതവും ദമ്പതികളുടെ വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണവുമാണ്.

സഭ പഠിപ്പിക്കുന്ന ഉത്തരവാദിത്വമുള്ള മാതൃത്വവും പിതൃത്വവും വഴി എത്ര മക്കളാകാമെന്നു തീരുമാനിക്കാനുള്ള അവകാശം ദമ്പതികൾക്കാണ് .സഭയുടെ ഈ പഠനത്തിലൂടെ ദമ്പതികളുടെ മഹത്വവും സ്വാതന്ത്ര്യവും അന്യൂനം സംരക്ഷിക്കപ്പെടുന്നുണ്ട്. കുടുംബബന്ധത്തെക്കുറിച്ച് ആർഷഭാരത ദർശനങ്ങളെ വികൃതമാക്കുന്ന ഇത്തരം നിയമങ്ങളോട് കത്തോലിക്കാ സഭയ്ക്ക് യോജിക്കാനാകില്ല.

മൂന്നാമതായി, ആത്മഹത്യ തടയുന്ന ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 309-ാം വകുപ്പ് പിൻവലിച്ച് ആത്മഹത്യയ്ക്ക് അനുവാദം കൊടുക്കണമെന്നുള്ള ശുപാർശയാണ് സമിതി മുന്നോട്ട് വച്ചിരിക്കുന്നത്. ഓരോ മനുഷ്യ ജീവനും അതുല്ല്യവും അമൂല്ല്യവുമാണ് . അത് നശിപ്പിയ്ക്കുവാൻ പ്രേരിപ്പിക്കുന്ന നിയമനിർമ്മാണം തികച്ചും അധാർമ്മികവും എല്ലാ മതവിശ്വാസങ്ങൾക്ക് എതിരുമാണ്. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യനിരക്കുള്ള കേരളത്തിൽ ഇപ്രകാരമൊരു നിയമഭേദഗതി നമ്മുടെ സംസ്ഥാനത്തിന് താങ്ങാവുന്നതിന് അപ്പുറത്താണ്. ഒരു വലിയ തെറ്റിനെ ശരിയാക്കുവാനുള്ള സമിതിയുടെ ശുപാർശ ഒരിക്കലും അംഗീകരിക്കാവുന്നതല്ല.

നാലാമതായി, സഭയുടെ സ്ഥാപനങ്ങളും സ്വത്തുക്കളും കയ്യടക്കുവാനുള്ള ഗൂഢലക്ഷ്യവുമായി തയ്യാറാക്കിയിരിക്കുന്ന കരട് ബില്ലാണ് Christian Church Properties and Institutions Trust Bill-ലും അനേകം അപകട കുഴികളുണ്ട്. സഭാസ്വത്തുക്കൾ സംബന്ധിച്ച് ടി.വി ചാനലുകളിൽ വന്ന കമന്റുകൾ ജനങ്ങളിൽ തെറ്റിദ്ധാരണയുണ്ടാക്കാൻ കാരണമായിട്ടുണ്ട്. ഇന്ത്യയിലെ സ്വത്തുക്കളുടെ അവകാശി റോമിലെ മാർപ്പാപ്പയാണെന്ന് പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. കത്തോലിക്കാ സഭയുടെ നടപടിക്രമങ്ങൾ വ്യക്തമായി അറിയാവുന്ന പ്രബുദ്ധരായ





മാധ്യമപ്രവർത്തകർ എന്തുകൊണ്ട് ഇത്തരം പ്രസ്താവനകൾ നടത്തിയെന്ന് അറിഞ്ഞുകൂടാ. സഭയുടെ സ്വത്ത് ആരുടെയും സ്വകാര്യ സ്വത്തല്ല. മാർപ്പാപ്പായും മെത്രാന്മാരും വൈദികരും രൂപതാ ഫൈനാൻസ് കൗൺസിൽ അംഗങ്ങളും ഇടവക കൈക്കാരന്മാരും അവരവരുടെ നിലയിൽ സഭയുടെ വസ്തുവകകളും പണവും കൈകാര്യം ചെയ്യുന്ന കാര്യസ്ഥന്മാർ മാത്രമാണ്, ഉടമസ്ഥരല്ല.

രൂപതയുടെ സ്വത്തിന്റെ കാര്യസ്ഥത സ്ഥലത്തെ മെത്രാനാണ്. അദ്ദേഹം അതു കൈകാര്യം ചെയ്യുന്നത് അല്മായർ കൂടി ഉൾപ്പെട്ട ഫൈനാൻസ് കൗൺസിലിന്റെ സഹായത്തോടുകൂടിയാണ്. രൂപതയുടെ ചെറിയഘടകമായ ഇടവകയുടെ സ്വത്ത് ഇടവകയുടേതാണ്. അത് കൈകാര്യം ചെയ്യുന്നത് ഇടവകവികാരി ഉൾപ്പെടുന്ന ഇടവകയോഗവും യോഗം തെരഞ്ഞെടുക്കുന്ന കൈക്കാരന്മാരുമാണ്. നടത്തിപ്പിൽ എന്തെങ്കിലും ക്രമക്കേടുണ്ടോയെന്ന് പരിശോധിക്കുവാൻ നിയമാനുസൃത സംവിധാനവും സഭയ്ക്കുണ്ട്. വർഷം തോറും ഇടവകയുടെ കണക്ക് യോഗം തെരഞ്ഞെടുക്കുന്ന ഇന്റേണൽ ഓഡിറ്റർമാർ പരിശോധിച്ച് ഓഡിറ്റിംഗ് നടത്തി പൊതുയോഗത്തിൽ വായിച്ച് പാസാക്കി രൂപതാ കാര്യാലയത്തിൽ നിന്ന് അംഗീകാരം വാങ്ങുന്ന സുതാര്യമായ നടപടിക്രമമാണ് സഭയിൽ നിലനിന്നുപോരുന്നത് എന്ന കാര്യം നിങ്ങൾക്കു അറിയാവുന്നതാണല്ലൊ. പങ്കാളിത്തപരമായ ശൈലി ഇവിടെയെല്ലാം ഉണ്ട്. എങ്കിലും പരിപൂർണമായ ജനാധിപത്യത്തിന്റെ, ഭൂരിപക്ഷവോട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്ന ശൈലിയല്ല കത്തോലിക്കാസഭയുടേത്.സഭയുടെ നിയമം അനുസരിച്ചാണോ സ്വത്ത് കൈകാര്യം ചെയ്യുന്നത് എന്നതു പരിശോധിക്കാനുള്ള അവകാശം രാജ്യത്തെ കോടതികൾക്കു ഉള്ളതാണ്.ഇതാണ് എല്ലാ രാജ്യങ്ങളും പിന്തുടർന്നു വരുന്ന രീതി.

സഭയുടെ സ്വത്ത് വിശ്വാസികളുടെ കൂട്ടായ്മയായ സഭയുടെതാണ്. അതു കൈകാര്യം ചെയ്യുന്നവർ വിശ്വാസമുള്ളവരായിരിക്കണം. അവർക്കു വിശ്വാസത്തിന്റെ പരിവേഷം ഉണ്ടായാൽ പോരാ. പള്ളികളുടെ സ്വന്തം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ട്രസ്റ്റിന്റെ രൂപീകരണവും അതിന്റെ മേൽനോട്ടത്തിന് ഒരു കമ്മീഷണറെ നിയമിക്കാനുള്ള നിർദ്ദേശവും വ്യക്തി നിയമത്തിലുള്ള കടന്നുകയറ്റമാണ്.സഭയെ തകർക്കുവാനും വിശ്വാസികളെ ഭിന്നിപ്പിക്കുവാനുമുതകുന്ന നിയമ നിർദ്ദേശം ഇപ്പോൾ സഭയ്ക്ക് എതിരെ നടക്കുന്ന

നിരന്തര പ്രചരണ പരിപാടികളുടെ ഭാഗമാണ് എന്നത് നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്.

മറ്റൊരു ബില്ല് ക്രിസ്ത്യൻ മാരേജ് ആക്ട് ആണ്. നമ്മുടെ കുടുംബങ്ങളുടെ ഭദ്രത നശിപ്പിക്കാനും വിവാഹത്തിന്റെ ക്രിസ്തീയ ദർശനമനുസരിച്ചുള്ള കൗദാശിക സ്വഭാവവും അവിഭാജ്യതയും ഇല്ലാതാക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ ബില്ല്. ഏതൊരു നിയമത്തേയും സാദ്ധ്യമാക്കുന്നത് അതിനകത്തെ ധാർമ്മികതയാണ്. ധാർമ്മികതയില്ലാത്ത നിയമങ്ങൾ നിയമങ്ങളല്ല. ഇത്തരം അധാർമ്മികനിയമനിർമ്മാണത്തിലൂടെ മനുഷ്യജീവനെ നശിപ്പിക്കുവാനും സനാതന മൂല്യങ്ങളെ തകർക്കുവാനും അതു വഴി നമ്മുടെയും വരുംതലമുറയുടെയും ദൈവവിശ്വാസത്തെ ഇല്ലായ്മ ചെയ്യുവാനുള്ള ശത്രുവിന്റെ ശ്രമം നമ്മൾ തിരിച്ചറിഞ്ഞ് വേണ്ടവിധം പ്രതികരണം.

ഇക്കാര്യം ചർച്ച ചെയ്യാൻ രൂപതാ പാസ്റ്ററൽ കൗൺസിൽ ഫെബ്രുവരി 21-ാം തിയതി ശനിയാഴ്ച സമ്മേളിക്കുന്നുണ്ട്. ഈ വിഷയം ഫൊറോനാ പാസ്റ്ററൽ കൗൺസിൽ ചർച്ച ചെയ്ത് നമ്മുടെ പ്രതിഷേധം ഭരണാധികാരികളെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താൻ ഇടവകതലത്തിലും ബോധവല്ക്കരണ യോഗങ്ങൾ നടത്തേണ്ടതാണ്. കുടുംബക്കൂട്ടായ്മകളിലും ഈ വിഷയം ചർച്ചയ്ക്കെടുക്കേണ്ടതാണ്. അതിനു സഹായകമായ ലഘുലേഖ തയ്യാറാക്കി എത്തിച്ചു തരുന്നതാണ്.

സത്യത്തിനും നീതിയ്ക്കും വിശ്വാസസംരക്ഷണത്തിനും സഭയുടെ നന്മയ്ക്കും വേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളുടെ വിജയത്തിന് നിങ്ങളുടെ സഹകരണവും പ്രാർത്ഥനയും ഞാൻ അഭ്യർത്ഥിക്കുന്നു. നമുക്കോരോരുത്തർക്കും ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടി അവതരിപ്പിച്ച യേശുക്രിസ്തുവിന്റെ സമാധാനവും സന്തോഷവും അനുഗ്രഹങ്ങളും നിങ്ങൾക്കേവർക്കും ഞാൻ നേരുന്നു.

യേശുവിൽ സ്നേഹപൂർവ്വം,

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

28-1-2009
പാലക്കാട്

NB: ഈ വിജ്ഞാപനം ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും, പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.





36/2009
28-01-2009

**വിജ്ഞാപനം - 91**

**തിരുബാലസഖ്യ ദിനം. ഫെബ്രുവരി 8**

ഈശോയിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 8-ാം തിയ്യതി ആഗോളസഭ തിരുബാലസഖ്യ ദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843 ൽ ഫ്രാൻസിലെ നാൻസി രൂപതയിലെ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യ സംഘടനയുടെ സ്ഥാപകൻ. 1922 ൽ പത്താം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950 ൽ പത്താം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയ്യും ചെയ്തു. എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം തന്നെ നമ്മുടെ എല്ലാ ഇടവകയിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ നാടിന്റെ നന്മയാണ്. രാഷ്ട്രത്തിന്റെയും സഭയുടേയും സമ്പത്തുമാണ്. അവരെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. നസ്രസിലെ പരിശുദ്ധ മാതാവും വി.യൗസേപ്പിതാവുമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ തിരുമനസ്സാണ്. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യ സംഘടന വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

എന്നാൽ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ പരിതഃസ്ഥിതിയിൽ കുഞ്ഞുങ്ങളുടെ നന്മ നിറഞ്ഞ ബാല്യം അപ്രത്യക്ഷമാകുകയാണ്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന

ആശയവിനിമയ സംവിധാനങ്ങളും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. ഈ വിഷമ ഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് ശരിയായ മൂല്യബോധവും പരിശീലനവും നൽകിയില്ലെങ്കിൽ അവർ ആധിപത്യമനോഭാവമുള്ളവരും സ്വാർത്ഥമതികളുമായി തീരുമെന്നതിൽ സംശയമില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും സ്നേഹിതരുടെ മുമ്പിൽ അവനെകുറിച്ച് അഭിമാനിക്കുകയും ചെയ്യും"(പ്രഭാ:30/2).

നമ്മുടെ കുഞ്ഞുങ്ങളെ സഭാവിരോധികളും നിരീശ്വരവാദികളുമാക്കി തീർക്കുവാൻ നടക്കുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കുവാനാവില്ല. ക്രൈസ്തവർക്കെതിരെ ബൗദ്ധികവും കായികവുമായി അധിനിവേശം നടക്കുകയാണ്. ജനിക്കുവാനും ജീവിക്കുവാനുമുള്ള മനുഷ്യന്റെ മൗലിക അവകാശങ്ങൾക്ക്മേൽ പോലും നിയമനിർമ്മാണം നടത്തുന്നു. വിവിധ രാഷ്ട്രീയ പാർട്ടികൾ തങ്ങൾക്ക് അണികളെ വാർത്തെടുക്കുവാൻ വേണ്ടി കുഞ്ഞുങ്ങളിലേക്ക് ഇറങ്ങിവരുന്നു. സഭയെയും സഭാധികാരികളെയും സന്യാസപൗരോഹിത്യങ്ങളെ അവഹേളനാ പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനെയും നിസ്സാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യസംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങള്ളുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ട കാലയളവാണിത്. നമ്മുടെ നേഴ്സറികളും, എൽ.കെ.ജി, യു,കെ.ജി ക്ലാസ്സുകളും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യമറിയം ഈ സഖ്യത്തിന്റെ മദ്ധ്യസ്ഥയും വി. യൗസേപ്പ് പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരു





മാണ്. ഇവരുടെ ആദ്ധ്യത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു.

ഈ വർഷം ഫെബ്രുവരി 8 നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യദിനാചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടികൾക്കു വേണ്ടി വി.കുർബാനയും പൊതു സമ്മേളനവും റാലിയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യദിനമാചരിക്കുന്ന ഞാറാഴ്ചയിലെ ദിവ്യബലി മധ്യേയെടുക്കുന്ന സ്ത്രോത്രക്കാഴ്ച ലോകമെമ്പാടുമുള്ള അനാഥകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

നമ്മുടെ ഇടവകകളിലെ എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപത ഫെറോന ഇടവകാ പ്രവർത്തകരും ബഹു. വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതുമാണ്. . അങ്ങനെ ഭാവി സമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയ കുഞ്ഞുങ്ങളെ നിങ്ങളെ എല്ലാവരേയും ഉണ്ണീശോയ്ക്ക് ഞാൻ സമർപ്പിക്കുന്നു. ഈശോയെപ്പോലെ നിങ്ങളും സ്വർഗ്ഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായി തീരുവാൻ പ്രാർത്ഥിക്കുന്നു.

അവിടുന്ന് നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

27-1-2009
പാലക്കാട്

## രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം

2008–2011 വർഷത്തേക്കുള്ള പാസ്റ്ററൽ കൗൺസിലിന്റെ ദ്വിതീയ യോഗം ഫെബ്രുവരി 21 ശനിയാഴ്ച രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ച് 10.30ന് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നു. എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

**വിഷയം : കേരള നിയമ പരിഷ്ക്കരണ സമിതിയുടെ ജീവനും സഭാസ്വത്തിനുമെതിരെയുള്ള നിയമ ഭേദഗതികൾ. (ആത്മഹത്യ, ദയാവധം, സന്താന നിയന്ത്രണം, സഭാസ്വത്ത് ബോർഡിന് കീഴിലാക്കൽ)**

കേരള നിയമ പരിഷ്ക്കരണ സമിതി ജനുവരി 26ന് കേരള ഗവൺമെന്റിന് സമർപ്പിച്ച നിയ ഭേദഗതികളിൽ ജീവനെതിരായും സഭാസ്വത്ത് പരിപാലന രീതികൾക്കെതിരായുമുള്ള നിർദ്ദേശങ്ങളും അടങ്ങിയിരിക്കുന്നു. ഗവൺമെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് തന്നെ ഇവയ്ക്കെതിരെ ശക്തമായ സഭാവികാരം അറിയിക്കേണ്ടതുണ്ട്. സഭയുടെ വിശ്വാസത്തിനും നടപടിക്രമങ്ങൾക്കുമെതിരായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ജീവനെതിരായ ഭേദഗതികൾ

a. ആത്മഹത്യാശ്രമവും ആത്മഹത്യയും കുറ്റകരമല്ലാതാക്കുന്ന ഭേദഗതി.

b. കൊലപാതകം തന്നെയായ ദയാവധം (Euthanesia) നിയമാനുസൃതമാക്കൽ.

c. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും (Responsible Parent Hood) എന്ന സഭാ വീക്ഷണത്തിനെതിരായി രണ്ടിൽ കൂടുതൽ കുട്ടികളായാൽ നിയമപരമായ നടപടികൾക്കുപോലും ഇടവരുത്തുന്നതും ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്നതുമായ ഭേദഗതി.

2. സഭയുടെ നടപടികൾക്കെതിരായ ഭേദഗതികൾ

a. ക്രിസ്തീയ വിവാഹബിൽ പ്രകാരം കൗദാശികമായും സഭാനിയമങ്ങൾ അനുസരിച്ചും നടത്തപ്പെടുന്ന വിവാഹത്തിന് തുല്യമായ സ്ഥാനം ഗവ. തലത്തിൽ രജിസ്റ്റർ ചെയ്യുന്ന ക്രൈസ്തവരുടെ വിവാഹത്തിനും ലഭിക്കുന്നതാണ്. വിവാഹം ക്രൈസ്തവർക്ക് കൂദാശയാണ്; വിശ്വാസത്തിന്റെ ഭാഗമാണ്. അതിനെതിരെയുള്ള നടപടിയാണ് ഭേദഗതി.

b. സഭയുടെ സ്വത്ത് പരിപാലനം ഇടവക, രൂപത സംസ്ഥാനതലങ്ങളിൽ ട്രസ്റ്റുകൾ രൂപീകരിച്ച് അവയുടെ കീഴിലാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു. ലോകമെങ്ങുമുള്ള നീതിന്യായ വ്യവസ്ഥിതികൾ അംഗീകരിച്ചിരിക്കുന്ന സഭയുടെ കാനോൻ നിയമ സംഹിതക്കനുസൃതമായി സുതാര്യമായി നടത്തപ്പെടുന്ന സഭാ പ്രവർത്തനങ്ങളും സ്വത്ത് പരിപാലനവും രാഷ്ട്രീയ വത്കരിക്കാനുള്ള നീക്കമാണ് ഈ ഭേദഗതി.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഈ വിഷയങ്ങൾ ചർച്ചക്കായ് ഒരുങ്ങിവരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫാ. തോം കിഴക്കേടത്ത്, സെക്രട്ടറി പാസ്റ്ററൽ കൗൺസിൽ

**ബൈബിൾ കലോത്സവം പാലക്കാട് രൂപത 3–ാം സ്ഥാനത്ത്**

എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്ന അഖില കേരള ബൈബിൾ കലോത്സവത്തിൽ പാലക്കാട് രൂപതയിൽ നിന്നും 75ഓളം യുവ പ്രതിഭകൾ പങ്കെടുത്തു. 116 പോയിന്റോടുകൂടി പാലക്കാട് രൂപത സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനത്തേയ്ക്കുള്ള എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കുകയും ചെയ്തു.





# From the Bishop's Office

**സ്മരണാഞ്ജലി**

നമ്മുടെ രൂപതയിൽ സേവനം ചെയ്ത് മരണമടഞ്ഞ റവ. ഫാ. വർഗ്ഗീസ്. യു. വാഴപ്പിള്ളി അച്ചന്റെ മരണവാർഷികമായ ഫെബ്രുവരി 13ന് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**ത്രൈമാസ സമ്മേളനം**

ബഹുമാനപ്പെട്ട വൈദികരുടെ ത്രൈമാസ സമ്മേളനം ഫെബ്രുവരി 16, 17 തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നതാണ്. എല്ലാ ഇടവക വൈദികരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വാർഷിക സ്ഥിതി വിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2008 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതി വിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.

**നോമ്പ് ആരംഭം**

ഫെബ്രുവരി 22–ാം തിയ്യതി ഞായറാഴ്ച പാതിരാത്രിമുതൽ വലിയ നോമ്പ് ആരംഭിക്കുന്നു. നോമ്പ് കാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്കമായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ മാർച്ച് മാസത്തിലെ ധ്യാനം പത്താം തിയ്യതി രൂപതാ കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**നിത്യാരാധനാ കപ്പേള**

ഫെബ്രുവരി 23–ാം തിയ്യതി വിഭൂതി തിരുനാളായതിനാൽ അന്നേ ദിവസം പാലക്കാട് നിത്യാരാധനാ കപ്പേളയിൽ ആരാധനയും വി. കുർബ്ബാനയും ഉണ്ടായിരിക്കുന്നതല്ല.

**വികാരിമാരുടെ ശ്രദ്ധിക്ക്**

സ്ഥലം മാറിപ്പോകുന്ന വികാരിമാർ "പുതിയ വികാരിക്ക് ചാർജ്ജ് ഏൽപ്പിക്കുന്ന ഫോം" പൂരിപ്പിച്ച് ഒപ്പിടുകയും പുതിയ വികാരിക്ക് നൽകേണ്ടതുമാണ്. പുതിയ വികാരി ഫോറവും രേഖകളും ഒത്തുനോക്കി പ്രസ്തുത ഫോറം ഒപ്പിട്ട് ഇടവക ഫയലിൽ സൂക്ഷിക്കേണ്ടതും, കോപ്പി രൂപതാ കച്ചേരിയിൽ ഏൽപ്പിക്കേണ്ടതുമാണ്.

പള്ളിതെരട്ട് രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുമ്പോൾ ഇന്റേണൽ ഓഡിറ്റിംഗ് ഫോം കൂടി പൂരിപ്പിച്ച് തരേണ്ടതാണ്. പ്രസ്തുത ഫോം രൂപതാ കാര്യലയത്തിൽ നിന്ന് ലഭിക്കുന്നതാണ്.

**വിവാഹത്തെ സംബന്ധിച്ച്**

വിവാഹത്തിന് മുമ്പ് മൂന്നുപ്രാവശ്യം വിവാഹ പരസ്യം നടത്താൻ സമയമില്ലാത്ത സന്ദർഭങ്ങളിൽ മനഃസമ്മതത്തിന് മുമ്പ് വിവാഹ പരസ്യം നടത്താവുന്നതാണ്. അതിന് പ്രതിശ്രുത വരനും വധുവും രൂപതാ കച്ചേരിയിലേക്ക് അപേക്ഷ നൽകേണ്ടതാണ്. അതിനുള്ള ഫോമിന്റെ മാതൃക ബുള്ളറ്റിന്റെ അവസാനപേജിൽ കൊടുത്തിരിക്കുന്നു. ഫോമുകൾ ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്.

മനഃസമ്മതത്തിന് മുമ്പ് പ്രതിശ്രുത വധൂവരന്മാരിൽ നിന്ന് Premuptial enquiry form പൂരിപ്പിച്ച് വാങ്ങി വെയ്ക്കുന്നതിന് ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുക.

## Family Apostolate

**പ്രീകാന കോഴ്സ്**

**ഫെബ്രുവരി 2, 3, 4, 5, മാർച്ച് 30,31 ഏപ്രിൽ 1,2**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

## രജത ജൂബിലി ആശംസകൾ

**റവ. ഫാ. ജോസ് കല്ലുവേലിയിൽ**



1955 നവംബർ 15-ാം തിയ്യതി കല്ലുവേലിൽ ജോസഫ് അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി ജനിച്ചു. സ്വന്തം ഇടവകയായ ജെല്ലിപ്പാറയിൽ നിന്നും പൗരോഹിത്യ പരിശീലനത്തിനായി കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ ചേർന്നു. 1984 ഡിസംബർ 18-ാം തിയ്യതി അഭിവന്ദ്യ മാർ ജോസഫ് ഇരിമ്പൻ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. രൂപതയിലെ പല ഇടവകകളിലും തസ്തികകളിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. റോമിലെ സലേഷ്യൻ പൊന്റിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫാമിലി കാറ്റിക്കിസത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ അച്ചൻ ഇപ്പോൾ പാലക്കാട് സെന്റ് റാഫേൽ കത്തീഡ്രൽ വികാരിയായി സേവനമനുഷ്ഠിച്ചുവരുന്നു.





**റവ. ഫാ. ജോർജ് നരിക്കുഴി**



പാലക്കാട് രൂപതാംഗമായ അച്ചൻ 1957 ജൂലായ് 25 ന് ജനിച്ചു. പൗരോഹിത്യ പരിശീലനത്തിനായി തൃശ്ശൂർ മൈനർ സെമിനാരിയിൽ ചേർന്ന അച്ചൻ ഡിസംബർ 18 ,1984 ന് ദിവംഗതനായ രൂപതയുടെ പ്രഥമ മെത്രാൻ മാർജോസഫ് ഇരുമ്പനിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. രൂപതയിൽ പല ഇടവകകളിലും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.പുതുതായി പല ദേവാലയങ്ങളും പണികഴിപ്പിച്ചു. ഇപ്പോൾ കോയമ്പത്തൂർ രാമനാഥപുരം ഫൊറോന പള്ളിയുടെ വികാരിയായും കോയമ്പത്തൂർ റീജിയണൽ വികാരി ജനറാളായും സേവനം അനുഷ്ഠിച്ചുവരുന്നു.

**റവ. ഫാ. വിൻസെന്റ് ഒല്ലൂക്കാരൻ**



നല്ലൊരു സംഗീതജ്ഞനായ അച്ചൻ തൃശൂർ രൂപതയിലെ ഒല്ലൂക്കാരൻ കുഞ്ഞുവറീതിന്റേയും മാർഗ്രറ്റിന്റേയും മകനായി 1958 ഏപ്രിൽ 18 ന് ജനിച്ചു. പാലക്കാട് രൂപതയിൽ സേവനം ചെയ്യുവാനായി രൂപത മൈനർ സെമിനാരിയിൽ ചേർന്ന അദ്ദേഹം തുടർപരിശീലനത്തിനു ശേഷം ദിവംഗതനായ ബിഷപ്പ് ജോസഫ് ഇരുമ്പനിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. രൂപതയുടെ രജത ജൂബിലി ആഘോഷവേളയിൽ അച്ചൻ ചിട്ടപ്പെടുത്തിയ ജൂബിലിഗാനമാണ് ഉപയോഗിച്ചത് എന്നത് ശ്രദ്ധേയമാണ്. രൂപതയിലെ പല ഇടവകകളിലും സ്തുത്യർഹമാം വിധം സേവനം അനുഷ്ഠിച്ച അച്ചൻ ഇപ്പോൾ കടമ്പഴിപ്പുറം സെന്റ് ജോസഫ് ഇടവക വികാരിയും ആലങ്ങാട് സെന്റ് മേരീസ് വികാരിയായും സേവനമനുഷ്ഠിച്ച് വരുന്നു.

**റവ. ഫാ. വിൽസൺ പ്ലാക്കൽ**



കോയമ്പത്തൂർ രാമനാഥപുരം ഹോളിട്രിനിറ്റി ഇടവകാംഗമായ അച്ചൻ പ്ലാക്കൽ തോമസ് തെരേസ ദമ്പതികളുടെ മകനായി 1957 ജനുവരി 12 ന് ജനിച്ചു. പാലക്കാട് സെന്റ് മേരീസ് മൈനർ സെമിനാരിയിലേയും മറ്റും പരിശീലനത്തിനുശേഷം 1984 ഡിസംബർ 18 ന് മാർ ജോസഫ് ഇരുമ്പൻ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.തമിഴും മലയാളവും മറ്റും അനായാസമായി ഉപയോഗിക്കുന്ന അച്ചൻ തമിഴ്നാട് മേഖലയിലും കേരളത്തിലെ പല പള്ളികളിലും സേവന മനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ പൊൽപ്പുള്ളി സെറാഫിക് നൊവിഷ്യേറ്റ് ഹൗസിന്റെ കപ്ലോനായി സേവനമനുഷ്ഠിച്ചു വരുന്നു.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-03-09 | MON | Rev. Fr. Kachapilly Joby |
| 03-03-09 | TUE | Rev. Fr. Kanjirathinkal Renny |
| 04-03-09 | WED | Rev. Fr. Kannampadathil Johnson |
| 05-03-09 | THU | Rev. Fr. Kannampuzha Jose |
| 06-03-09 | FRI | V. Rev. Fr. Kannumkuzhy Jose |
| 07-03-09 | SAT | Rev. Fr. Karimaruthinkal Binoy |
| 09-03-09 | MON | Rev. Fr. Kavungal Thomas |
| 10-03-09 | TUE | Rev.Fr. Keettikkal Anto |
| 11-03-09 | WED | Rev. Fr. Kizhakkedath Roy |
| 12-03-09 | THU | Rev. Fr. Kizhakkedath Thom |
| 13-03-09 | FRI | Rev. Fr. Kochuparambil Jose |
| 14-03-09 | SAT | V. Rev. Fr. Kochupurackal Peter |
| 16-03-09 | MON | Rev. Fr. Kodakasseril Jomis |
| 17-03-09 | TUE | Rev. Fr. Kolamkanny Justin |
| 18-03-09 | WED | Rev.Fr. Kozhipadan Tony |
| 19-03-09 | THU | Rev. Fr. Kulampil Jose |
| 20-03-09 | FRI | Rev. Fr. Kundukulam Seby |
| 21-03-09 | SAT | Rev. Fr. Kunnathettu Joby |
| 23-03-09 | MON | V. Rev. Fr. Kuruthukulngara Peter |
| 24-03-09 | TUE | Rev. Fr. Malekudiyil Sherjo |
| 25-03-09 | WED | Rev. Fr. Maliekal George |
| 26-03-09 | THU | V. Rev. Fr. Mangalan Sebastian |
| 27-03-09 | FRI | Rev. Fr. Manjaly Prinson |
| 28-03-09 | SAT | Rev. Fr. Mavunkal Jacob |
| 30-03-09 | MON | Rev. Fr. Mechery Mathew |
| 31-03-09 | TUE | Rev. Fr. Murickananickal Santhosh |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





# വിശ്വാസ പരിശീലനം

**സൺഡേ സ്കൂൾ പരീക്ഷ**

X$^{th}$,I$^{St}$&II$^{nd}$ HDC ക്ലാസുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 1-ാം തിയ്യതി ഞായറാഴ്ചയാണ് നടക്കുന്നത്.

X$^{th}$,II$^{nd}$ HDC ഉത്തരക്കടലാസ്സുകളും പൂരിപ്പിച്ച ഫോമുകളും, സർട്ടിഫിക്കറ്റുകളും, ഇന്റേണൽ മാർക്കും, സർട്ടിഫിക്കറ്റിന്റെ ഫീസായ 10 രൂപ സഹിതം ഫെബ്രുവരി 2-ാം തിയ്യതി തന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയ്യതി, മാമ്മോദിസ തിയ്യതി സൈഥര്യലേപന തിയ്യതി തുടങ്ങി എല്ലാ കാര്യങ്ങളും കൃത്യമായും,വ്യക്തമായും നിർബന്ധമായും പൂരിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

1 മുതൽ 9 വരെ ക്ലാസ്സുകളിലെ 2-ാം സെമസ്റ്റർ പരീക്ഷ ഫെബ്രുവരി 22-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു. 20-ാം തിയ്യതി മുതൽ ഫൊറോന കേന്ദ്രങ്ങളിൽ നിന്നും ചോദ്യ പേപ്പറുകൾ ലഭിക്കുന്നതാണ്.

**സൺഡേ സ്കൂൾ -കേന്ദ്രീകൃത മൂല്ല്യ നിർണ്ണയം**

ക്ലാസ്സ് X$^{th}$&II$^{nd}$ HDC ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയം ഫെബ്രുവരി 15-ാം തിയ്യതി ഞായറാഴ്ച 9.30 മുതൽ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലും II$^{nd}$ HDC ക്ലാസ്സുകളിലും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും അന്ന് നിർബന്ധമായും മൂല്ല്യ നിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്. വിശുദ്ധ കുർബ്ബാന പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. പഠിപ്പിക്കുന്ന പുസ്തകം കൂടെ കൊണ്ടുവരേണ്ടതാണ്.

**റീ-എക്സാമിനേഷൻ**

സൺഡേസ്കൂൾ 10-ാം ക്ലാസ്സിലെ റീ-എക്സാമിനേഷന്റെ ചോദ്യപേപ്പറുകൾ ആവശ്യമുള്ളവർ മാർച്ച് 15-ാം തിയ്യതിക്കു മുമ്പായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. മാർച്ച് 29-ാം തീയ്യതിയാണ് റീ-എക്സാമിനേഷൻ. 30-ാം തിയ്യതി തിങ്കളാഴ്ച ഉത്തരക്കടലാസ്സുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**IV,VII,X,II HDC സ്കോളർഷിപ്പ്**

സൺഡേ സ്കൂൾ IV,VII,X,IIHDC ക്ലാസ്സുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട

അവസാന ദിവസം മാർച്ച് 25-ാം തിയതിയാണ്.

(വിശദ വിവരങ്ങൾക്ക് കലണ്ടറിന്റെ 44-45 പേജ് കാണുക)

**സ്കോളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കോളാസ്റ്റിക് ടെസ്റ്റ് മാർച്ച് 1-ാം തിയ്യതി ഞായറാഴ്ച 10.am മുതൽ 12.30 വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ അദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ് .

**മാർക്ക് വിഭജന രീതി**

1 ബൈബിൾ നിങ്ങൾ ചോദിക്കുന്നതും അറിയേണ്ടതും- 15 മാർക്ക്

2 രൂപതാ ബുള്ളറ്റിനിലെ ജനറൽ ക്വിസ്-25 മാർക്ക് (ജൂൺ 2008-ഫെബ്രുവരി 2009)

3 സഭാ സംബന്ധമായ പൊതു വിജ്ഞാനം-10 മാർക്ക്

4 ജനറൽ ക്വിസ് (Catechism Centre) 50 മാർക്ക്

NB ചോദ്യപേപ്പറിൽ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയായിരിക്കും. ഉത്തരക്കടലാസ്സിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരകടലാസ്സിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരകടലാസ്സ് മാർച്ച് 2-ാം തിയ്യതി തിങ്കളാഴ്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർ സ്കൂൾ- വാർഷിക പരീക്ഷ**

1 മുതൽ IX വരെയുള്ള ക്ലാസ്സുകൾക്ക് ഫെബ്രുവരി 23-ാം തിയ്യതി തിങ്കളാഴ്ചയാണ് പരീക്ഷ നടക്കുന്നത്.ഫെബ്രുവരി 20-ാം തിയ്യതി മുതൽ ചോദ്യപേപ്പറുകൾ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. 2nd&3rd ടേം പാഠഭാഗങ്ങൾ മാത്രമെ വാർഷിക പരീക്ഷയ്ക്ക് ഉൾപ്പെടുത്തുകയുള്ളൂ.

**സ്കൂൾ കാറ്റിക്കിസം, സൻമാർഗ്ഗ ശാസ്ത്രം സ്കോളർഷിപ്പ്**

IV.VII,X,XII ക്ലാസ്സുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള (കുറഞ്ഞത് 70%മാർക്കുണ്ടാകണം) രണ്ട് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 7-ാം തിയ്യതിക്കുമുമ്പായി രൂപതാ മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 1-ാം തിയ്യതി 10 മണി മുതൽ 12 മണിവരെ മേഖലാ സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു.

**റെഗുലർസ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസ രൂപീകരണ കർമ്മ പദ്ധതി അദ്ധ്യയന വർഷത്തിൽ പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 30-ാം തിയ്യതി മതബോധന കേന്ദ്രത്തിൽ ലഭിക്കേണ്ടതാണ്.





**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസ പരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുന്നതിന്റെ ഭാഗമായി ഇളവംപാടം, പൂഞ്ചോല എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എല്ലാസഹകരണങ്ങൾക്കും ബഹു. വികാരിയച്ചന്മാർക്കും, പ്രധാനദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കും നന്ദിപറയുന്നു.

**അവാർഡ്ഡേ**

ലോഗോസ് ക്വിസ് 2008 ലെ അവാർഡ്ദാന ചടങ്ങ് 2009 ജനുവരി 26 ന് പാലക്കാട് പാസ്ററൽ സെന്ററിൽ വെച്ച് നടന്നു. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ സ്വാഗതം ആശംസിക്കുകയും ഫാ. ജോബി കാച്ചപ്പിള്ളി നന്ദി പറയുകയും ചെയ്തു. ലോഗോസ് അവാർഡ് ദാന ചടങ്ങിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് മുഖ്യപ്രഭാഷണം നടത്തുകയും ലോഗോസ് അവാർഡ് ദാനം നിർവ്വഹിക്കുകയും ചെയ്തു.ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർച്ചതിനുള്ള ട്രോഫി THE BEST DIOCESE OF KERALA എന്ന ബഹുമതി നേടിയതിനും, അഖില കേരള ബൈബിൾ കലോത്സവം 2008 ൽ പാലക്കാട് രൂപത 3-ാം കരസ്ഥമാക്കിയതിനുള്ള ട്രോഫി ലഭിച്ചതിനും അഭിവന്ദ്യപിതാവ് എല്ലാവരേയും പ്രശംസിക്കുകയും ലോഗോ ക്വിസിലും, ബൈബിൾ കലോത്സവത്തിലും പങ്കെടുത്തവരേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടേയും സെക്രട്ടറിമാരുടേയും സംയുക്ത സമ്മേളനം നടക്കുകയും, വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. ഏകദേശം 150 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

**പരീക്ഷ ഒരുക്കധ്യാനം**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് വർഷാവസാന പരീക്ഷയ്ക്ക് ഒരുക്കമായി.2009 ജനുവരി 26 ന് ഏക ദിനധ്യാനം നടന്നു. ഫാ. ബിനോയി കരിമരുതിങ്കലും ടീമും നയിച്ച ധ്യാനത്തിൽ ഏകദേശം 110 പേർ പങ്കെടുക്കുകയും ചെയ്തു.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, മതബോധനം.

# Bible Apostolate

**അഖില കേരള ബൈബിൾ കലോത്സവം 2008**
**പാലക്കാട് രൂപത മൂന്നാം സ്ഥാനത്തേക്ക്**

2008 ഡിസംബർ 27, 28 തിയ്യതികളിൽ അഖില കേരള ബൈബിൾ കലോത്സവം എറണാകുളം പി.ഒ.സിയിൽ വെച്ച് നടന്നു. പാലക്കാട് രൂപത യിൽ നിന്നും 75ഓളം യുവ പ്രതിഭകൾ പങ്കെടുത്തു. 116 പോയിന്റോടുകൂടി പാലക്കാട് രൂപത സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനത്തേയ്ക്കുള്ള എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കുകയും ചെയ്തു.

**ഒന്നാം സ്ഥാനം നേടിയവർ**
തെരുവു നാടകം : അലന ആന്റണി & പാർട്ടി, കൊടുവായൂർ
കവിത : അല്മായ വിഭാഗം : സജി. എം.എ. ഹരിതം - തച്ചമ്പാറ
പ്രസംഗം : (സീനിയർ) അനിറ്റ ചിന്നുസെൻ- ഒറ്റപ്പാലം
പ്രസംഗം (ജൂനിയർ) ദിയാ ജോർജ്ജ്- മംഗലംഡാം.

**രണ്ടാം സ്ഥാനം നേടിയവർ**
സമൂഹ നൃത്തം : (സീനിയർ) സെംസി & പാർട്ടി -കത്തീഡ്രൽ
ഉപന്യാസ മത്സരം : (അൽമായ വിഭാഗം) ടെസ്സി സേവിയർ പാലക്കുന്നേൽ- പാലക്കയം

**എ ഗ്രേഡ്**
നാടകം : സെബിൻ സെബാസ്റ്റ്യൻ & ടീം. -മംഗലം ഡാം
സിംഗിൾ ഡാൻസ് (ജൂനിയർ) : അപർണ്ണ ആൻബാബു - ലിസ്യൂ നഗർ
സിംഗിൾ ഡാൻസ് (സീനിയർ) സെംസി - കത്തീഡ്രൽ
സിംഗിൾ ഡാൻസ് (സീനിയർ) : ബിനിതു- മംഗലം ഡാം
സമൂഹനൃത്തം : (ജൂനിയർ) : ആർഡ്രിൻ ജോയ് & ടീം- കാഞ്ഞിരപ്പുഴ
കഥാപ്രസംഗം (ജൂനിയർ) : അഖില ജോസഫ്- രാമനാഥപുരം

**ബി. ഗ്രേഡ്**
സിംഗിൾ ഡാൻസ് (ജൂനിയർ) : നീതു ജോയ് - മംഗലം ഡാം
കവിത (ജൂനിയർ) - നീമ - ആലത്തൂർ
മാർഗ്ഗംകളി : സെംസി & ടീം - കത്തീഡ്രൽ

**സി. ഗ്രേഡ്**
കവിത (സീനിയർ ) : ടിന്റു വി.ജെ. -ഇരുമ്പകച്ചോല





കവിത (സീനിയർ) നിസ - ആലത്തൂർ
കവിത (ജൂനിയർ) സാന്ദ്രമരിയ - ഷൊർണൂർ
ലളിതഗാനം (സീനിയർ) ലിജി ജോസ് - രാജഗിരി
ലളിതഗാനം (സീനിയർ) നിസ - ആലത്തൂർ
ശാസ്ത്രീയ സംഗീതം : (ജൂനിയർ) ആൽഫിൻ ജോർജ്ജ് - പാലപ്പുറം

**ഡി ഗ്രേഡ്**
ശാസ്ത്രീയ സംഗീതം (സീനിയർ) - തോമസ് ജോർജ്ജ് - കുളക്കാട്ടുകുർശ്ശി
ലളിതഗാനം (ജൂനിയർ) അഞ്ജുമരിയ - വടക്കഞ്ചേരി
ശാസ്ത്രീയ സംഗീതം (ജൂനിയർ) - ഷെറിൻ സെബാസ്റ്റ്യൻ - ഒലവക്കോട്
പ്രസംഗം (സീനിയർ) - എയ്ഞ്ചലിൻ മാത്യു - ചന്ദ്രനഗർ
ലളിതഗാനം (ജൂനിയർ)- ഷാരോൺ ടോമി - ആരോഗ്യപുരം
ലളിതഗാനം (ജൂനിയർ) - നീപു - ഇരുമ്പകച്ചോല

പ്രതിഭകൾക്ക് കെ.സി.ബി.സി. സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡു കളും ട്രോഫികളും നൽകപ്പെട്ടു.
സംസ്ഥാനതല കലോത്സവത്തിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദന ങ്ങൾ.....

**ലോഗോസ് ക്വിസ് 2008 അവാർഡ് ദാനം**

ലോഗോസ് ക്വിസ് 2008 ലെ അവാർഡ് ദാന ചടങ്ങ് 2009 ജനുവരി 26 ന് പാലക്കാട് പാസ്റ്ററൽ സെൻററിൽ വെച്ച് നടന്നു. രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഡോ. മാത്യുവാഴയിൽ സ്വാഗതം ആശം സിക്കുകയും, ഫാ. ജോബി കാച്ചപ്പിള്ളി നന്ദിപറയുകയും ചെയ്തു. ലോഗോസ് അവാർഡ്ദാന ചടങ്ങിൽ പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് മുഖ്യപ്രഭാഷണം നടത്തുകയും ലോഗോസ് അവാർഡ് ദാനം നിർവ്വഹിക്കുകയും ചെയ്തു. ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിനുള്ള ട്രോഫി THE BEST DIOCESE OF KERALA എന്ന ബഹുമതിനേടിയതിനും, അഖില കേരള ബൈബിൾ കലോ ത്സവം 2008 ൽ പാലക്കാട് രൂപത 3-ാം സ്ഥാനം കരസ്ഥമാക്കിയതിനുള്ള ട്രോഫി ലഭിച്ചതിനും അഭിവന്ദ്യപിതാവ് എല്ലാവരേയും പ്രശംസിക്കുകയും ലോഗോസ്ക്വിസിലും ,ബൈബിൾ കലോത്സവത്തിലും പങ്കെടുത്തവരേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. അവാർഡ്ദാന ചടങ്ങിൽ 150 പേർ പങ്കെടുത്തു.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# കെ.സി.വൈ.എം.

**അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം സംസ്ഥാന ജനറൽ സെക്രട്ടറിയായി പാലക്കാടു രൂപത പ്രസിഡന്റ് ശ്രീ. സന്തോഷ് അറയ്ക്കൽ ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു. ഈ പുതിയ കർമ്മ പന്ഥാവിൽ ഏറ്റവും മനോഹരമായി ഏൽപിക്കപ്പെട്ടിരിക്കുന്ന നിയോഗം നിർവ്വഹിക്കുവാനും ഒപ്പം യുവജനതയെ കൂടുതൽ പ്രശോഭയോടെ ലക്ഷ്യത്തിലേക്കു നയിക്കുവാനുമുള്ള എല്ലാ ദൈവാനുഗ്രഹങ്ങളും ഹൃദ്യമായി നേരുന്നു.

**സംസ്ഥാന വാർഷിക സെനറ്റ്. ആലപ്പുഴ.**

ജനുവരി 8 മുതൽ 11 വരെ ആലപ്പുഴ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സംസ്ഥാന വാർഷിക സെന്ററിൽ പാലക്കാടു രൂപത കെ.സി.വൈ.എം. നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീ.സന്തോഷ് അറയ്ക്കൽ, സെനറ്റ് മെമ്പർ, ശ്രീ ഫ്രാൻസിസ് പി.വി, ജനറൽ സെക്രട്ടറി ശ്രീ.സ്റ്റാർവിൻ ചൊവ്വല്ലൂർ, ആനിമേറ്റർ സി. കാതറീൻ O.P., റീജന്റ് ബ്ര. ബ്ലിന്റ് പുത്തൻപുരയ്ക്കൽ എന്നിവർ പങ്കെടുത്തു. നാളിതു വരെ സംസ്ഥാന സമിതിയോടു ചേർന്നു പ്രവർത്തിച്ച പാലക്കാടു രൂപത റിപ്പോർട്ട് പ്രത്യേകം പ്രശംസാർഹമായി.

**രൂപത വാർഷിക സെനറ്റ്**

ജനുവരി 24, 25 തിയ്യതികളിൽ രൂപത വാർഷിക സെനറ്റ് പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. 30 യൂണിറ്റുകളിൽ നിന്നായി 75 യുവതിയുവാക്കൾ പങ്കെടുത്തു. സെനറ്റിന്റെ ഉദ്ഘാടനം പാലക്കാടു രൂപതാദ്ധ്യക്ഷൻ മാർ. ജേക്കബ് മനത്തോടത്ത് നിർവഹിച്ചു. എല്ലാ ഫൊറോനകളും റിപ്പോർട്ടവതരിപ്പിച്ചു. രൂപതയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി സ്റ്റാർവിൻ ചൊവ്വല്ലൂർ, കണക്ക് ട്രഷറർ. ഷാജു. കെ.എഫ് എന്നിവർ അവതരിപ്പിച്ചു.

**നന്ദിയോടെ...**

കഴിഞ്ഞ ഒരു കർമ്മവർഷക്കാലം സംഘടനയെ ജീവനുതുല്ല്യം സ്നേഹിച്ച്, സംഘടനയുടെ ഉയർച്ചക്കു വേണ്ടി കഴിവും, ആശയവും, സമയവും വിനിയോഗിച്ച രൂപത സെക്രട്ടറിയേറ്റിലെ പ്രസിഡന്റ് ശ്രീ. സന്തോഷ് അറയ്ക്കൽ, വൈസ് പ്രസിഡന്റ് ഡാനി, കെ ജോസഫ്, ജനറൽ സെക്രട്ടറി സ്റ്റാർവിൻ ചൊവ്വല്ലൂർ, സെക്രട്ടറിമാരായ നിക്സൺ, മെറിൻ പി വി, സെനറ്റ് മെമ്പർമാരായ ഫ്രാൻസിസ് പി.വി,ടിന്റു ജോസ്, സിൻഡിക്കേറ്റ് മെമ്പർമാരായ ജിയോമി, ടിന്റു ജേക്കബ് എന്നിവർക്ക് ആത്മാർത്ഥമായ നന്ദി.





ഒരു വർഷത്തെ വിളക്കിന്റെ കർമ്മപദ്ധതിയിൽ രൂപത സമിതിയോടു ചേർന്നു പ്രവർത്തിച്ച ഫൊറോന സെക്രട്ടറിയേറ്റുകൾക്കും നന്ദി. ബൈജു (പാലക്കാടു ഫൊറോന പ്രസിഡന്റ്) എബി എൻ (കാഞ്ഞിരപ്പുഴ), വിനീഷ്(മണ്ണാർക്കാട്) നിബു, ഷാജു കെ.എഫ് (കോയമ്പത്തൂർ), സുനിൽ ജി. പുത്തൂർ (താവളം) എന്നിവരുടെ നേതൃത്വത്തിൽ വിളക്കിനു നൽകിയ അകമഴിഞ്ഞ സഹായ സഹകരണങ്ങൾക്ക് നന്ദി.

**പുതിയ സാരഥികൾ**

മുപ്പത്തിരണ്ടാമത് വാർഷിക സെനറ്റിനോടനുബന്ധിച്ച് പുതിയ കർമ്മ വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | **ജിയോമി എൻ ജോർജ്ജ്** (കടമ്പഴിപ്പുറം) |
| വൈസ് പ്രസി. | **ജോഷി മുതുക്കാട്ടിൽ** (ജോസ്ഗിരി) |
| | **അനുമാത്യു** (പാലപ്പുറം) |
| ജനറൽ സെക്രട്ടറി | **മെബിൻ സെബാസ്റ്റ്യൻ** (പാലപ്പുറം) |
| സെക്രട്ടറി | **ഷാജു കെ.എഫ്** (ഗാന്ധിപുരം) |
| | **എബി എൻ** (പൊന്നംങ്കോട്) |
| | **ബിൻസി** (പട്ടാമ്പി) |
| ട്രഷറർ: | **ബൈജു** (കത്തീഡ്രൽ) |
| ഓഡിറ്റർ: | **ആന്റോ** (കത്തീഡ്രൽ) |
| | **സ്റ്റാർവിൻ ചൊവ്വല്ലൂർ** (കല്ലേപ്പുള്ളി) |

തിരഞ്ഞെടുക്കപ്പെട്ട ഈ നേതൃത്വ നിരയ്ക്ക് എല്ലാവിധ മംഗളാശംസകളും നേരുന്നു.

**അഭിമാനപൂർവ്വം**

പ്രവർത്ത വർഷത്തിലെ ഏറ്റവും നല്ല ഫൊറോനയ്ക്കുള്ള അവാർഡ് ഒറ്റപ്പാലം ഫൊറോന കരസ്ഥമാക്കി. ഏറ്റവും മികച്ച യൂണിറ്റായി പാലപ്പുറം സെന്റ് മേരീസ് യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. ഒറ്റപ്പാലം ഫൊറോന പ്രസിഡണ്ട് ശ്രീ മെസിൻ ഏറ്റവും നല്ല ഫൊറോന പ്രസിഡന്റിനുള്ള ഉപഹാരം ഏറ്റുവാങ്ങി. സമ്മാനദാനം റവ.ഫാ. ആന്റോ തൈക്കാട്ടിൽ സിസ്റ്റർ കാതറീൻ എന്നിവർ നിർവഹിച്ചു.

**ഫൊറോനകളിലൂടെ**

പുതിയ ഫൊറോന പ്രസിഡന്റുമാർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന: | അജോ മാത്യു (പൊന്നംങ്കോട്) |
| മണ്ണാർക്കാട് ഫൊറോന | വിനേഷ് (ആനമൂളി) |
| ഒലവക്കോട് ഫൊറോന | ജനിൽ ജേക്കബ് (ധോണി) |
| ഒറ്റപ്പാലം ഫൊറോന | ജീസൺ (ഒറ്റപ്പാലം) |
| വടക്കഞ്ചേരി ഫൊറോന | റെജി ഡൊമിനക്ക് (വടക്കഞ്ചേരി) |

| | |
|---|---|
| താവളം ഫൊറോന | സുനിൽ ജി. പുത്തൂർ (ജെല്ലിപ്പാറ) |
| മേലാർക്കോട് ഫൊറോന | നിബു(പൊൻകണ്ടം) |
| കോയമ്പത്തൂർ ഫൊറോന | ഷാജു കെ.എഫ് (ഗാന്ധിപുരം) |
| പാലക്കാട് ഫൊറോന | ജേബിൻ (ചന്ദ്രനഗർ) |

ഇവരുടെ നേതൃത്വത്തിലുള്ള ഫൊറോന സമിതികൾക്കു അഭിനന്ദനങ്ങൾ. എല്ലാവർക്കും കർമ്മ വീഥിയിൽ എല്ലാ വിജയങ്ങളും നേർന്നു കൊണ്ട്

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# ജീസസ് യൂത്ത്

**വചനാ മൃതം**

ജനുവരി 22 ന് ഒലവക്കോട് ഫൊറോന പള്ളിയിൽ തിരുവചനം മനുഷ്യ ജീവിതത്തിൽ എന്ന വിഷയത്തെക്കുറിച്ച് റവ.ഫാ. അലക്സ് ഒഴുകയിൽ എം.സി.ബി.എസ് ക്ലാസ്സെടുത്തു. അകത്തേത്തറ എഞ്ചിനീയറിംഗ് കോളേജിലെ 25 വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു.

**അനുഭവ സാക്ഷ്യമായി**

ജനുവരി 29 ന് ഒലവക്കോട് ഫൊറന പള്ളിയിൽ കെ.വൈ.സി.ടി ടീമംഗം അഡ്വ. മിനി തന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കിയ യൂത്ത് മിനിസ്ട്രിയെക്കുറിച്ചുള്ള അനുഭവങ്ങൾ സോണംഗങ്ങളുമായി പങ്കുവച്ചു.

**ASLAME2009**

ശ്രീകൃഷ്ണപുരം സെന്റ് ജോസ് ദേവാലയത്തിൽ വച്ച് പാലക്കാട് ജീസസ് യൂത്ത് അംഗങ്ങൾക്കു വേണ്ടി വൺ ഡേ പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടു. ആത്മാഭിഷേകം നിറഞ്ഞു നിന്ന ASLAME 2009 ന് നേതൃത്വം നൽകിയത്. ശ്രീ രാജൻ അഡ്വ: സിജോ എന്നിവരാണ് .എല്ലാ വിധ സൗകര്യങ്ങളും ഒരുക്കിതന്ന ശ്രീകൃഷ്ണപുരം ഇടവക വികാരി റവ. ഫാ. ഗിൽബർട്ട് എട്ടൊന്നിൽ, അസിസ്റ്റന്റ് വികാരി റവ. ഫാ. ജിജോ പാറയിൽ എന്നിവർക്കു ഹൃദ്യമായ നന്ദി.

**തൃശ്ശൂർ സബ് റീജിയണൽ മീറ്റിംഗ്**

ജനുവരി 22 മുതൽ 25 വരെ നടന്ന മീറ്റിംഗിൽ പാലക്കാട്ടു സോണിനെ പ്രതിനിധീകരിച്ച് 15 വിദ്യാർത്ഥിൾ പങ്കെടുത്തു.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, ജീസസ് യൂത്ത്





# നവീകരണ മുന്നേറ്റം

പാലക്കാട്സോണൽ സേവന സമിതി പുന:സംഘടിപ്പിച്ച കേരളത്തിലെ 23 സോണുകളിലും നടന്നു കൊണ്ടിരിക്കുന്ന പുന:. സംഘടന ജനുവരി 16,17 ദിവസങ്ങളിലാണ് പാലക്കാട് നടന്നത്. കെ.എസ്.ടി ചെയർമാൻ റവ. ഫാ ഷാജൻ തേർമഠം, റവ. ഫാ. ജോസ് അഞ്ചാനിക്കൽ റവ. ഫാ. സോജി ഓലിയ്ക്കൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാലക്കാടിന്റെ എല്ലാ സബ്ബ് സോണുകളിലേയും പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. പുതിയ സേവന സമിതി അംഗങ്ങളായി തോമസ് തേയ്ക്കാനത്ത് (ഇളവംപാടം) പി.എം മാത്യു(കണ്ടമംഗലം) കെ.കെ മാത്യു(കോട്ടപ്പുറം) തോമസ് കുഴിഞ്ഞാലിൽ(കരിമ്പ) സാബു അബ്രഹാം (രാജഗിരി) ഇമ്മാനുവൽ പനയ്ക്കൽ (ഗാന്ധിപുരം) അനീസ് അഗസ്റ്റിൻ( പാലപ്പുറം) ബേബിവർഗ്ഗീസ് (കൊടുന്തരപ്പിള്ളി) ജെസി ബേബി (മാങ്കാവ്) എന്നിവരെ തിരഞ്ഞെടുത്തു. സോണിന്റെ പുതിയ കോ- ഓഡിനേറ്ററെ മാർച്ച് മാസത്തിൽ എറണാകുളം എമ്മാവൂസിൽ നടക്കുന്ന ചടങ്ങിൽ വെച്ച് കെ.എസ്.ടി പ്രഖ്യാപിക്കും. പുതിയ സേവനസമിതി അംഗങ്ങൾക്ക് പ്രത്യേകം സ്വാഗതവും നിലവിലുണ്ടായിരുന്ന സേവന സമിതി അംഗങ്ങൾക്ക് പ്രത്യേകം നന്ദിയും പറയുന്നു.

**ഫെബ്രുവരി മാസത്തെ ജാഗരണ പ്രാർത്ഥന 27- വെള്ളിയാഴ്ച കത്തീഡ്രലിൽവെച്ച് നടത്തുന്നു.**

ഫെബ്രുവരി 6- തിങ്കളാഴ്ച ലീഡേഴ്സ് കൂട്ടായ്മ പാസറ്ററൽ സെന്ററിൽ നടത്തുന്നു. അഭിവന്ദ്യ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ്ബ് മനത്തോടത്ത് ലീഡേഴ്സിനെ കാണുന്നതിനും സന്ദേശം നൽകുന്നതിനായി എത്തിച്ചേരുന്നതാണ്. എല്ലാ ലീഡേഴ്സും രാവിലെ 9.30 മുതൽ 3.30 വരെ നടക്കുന്ന കൂട്ടായ്മയിൽ പങ്കെടുക്കുന്നതിനായി പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ബിനോയി കരിമരുതിങ്കൽ**
ഡയറക്ടർ, നവീകരണ മുന്നേറ്റം

# തിരുബാലസഖ്യം

**തിരുബാല സഖ്യദിനം: ഫെബ്രുവരി 8 ഞായർ**

തിരുബാല സഖ്യദിനം എല്ലാവർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ച ആയതിനാൽ ഈ വർഷത്തെ തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി 8-ാംതിയതി ഞായറാഴ്ചയാണ്. അന്നേദിവസം എല്ലാ യൂണിറ്റുകളിലും തിരുബാലസഖ്യദിനം സമുചിതമായി ആഘോഷിക്കേണ്ടതാണ്. അന്നേ ദിവസം വി. കുർബാന മദ്ധ്യേ തിരുബാല സഖ്യാംഗങ്ങളുടെ ഗാനശുശ്രൂഷ, ബൈബിൾപാരായണം, കാഴ്ച സമർപ്പണം എന്നിവയും സൺഡേ സ്കൂൾ കേന്ദ്രീകരിച്ച് തിരുബാസഖ്യ അംഗങ്ങളുടെ കലാപരിപാടികളും സംഘടിപ്പിക്കുന്നത് നല്ലതാണ്. ഈ വർഷത്തെ തിരുബാല സഖ്യദിനത്തിന്റെ മുദ്രാവാക്യം "പ്രഭ ചൊരിയുന്നവരാകാൻ കുഞ്ഞുങ്ങളെ സഹായിക്കുക" എന്നതാണ്. ഇതിനോടനുബന്ധിച്ചുള്ള പോസ്റ്ററുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്. തിരുബാലസഖ്യദിനാചരണം മോടിയാക്കുവാൻ ബഹു. വികാരിയച്ചന്മാരുമായി ആലോചിച്ച് ബഹു അനിമേറ്റേഴ്സ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ? ഏവർക്കും തിരുബാലസഖ്യദിനത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

**രൂപതാ കലോത്സവം -ഫെബ്രുവരി 14**

തിരുബാലസഖ്യത്തിന്റെ രൂപതാ കലോത്സവം നടത്തപ്പെടുന്നത് ഫെബ്രുവരി 14- തിയതി ശനിയാഴ്ചയാണ്. ഫൊറോന തല മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കഥാപ്രസംഗത്തിനും ഗ്രൂപ്പ് ഇനങ്ങളിലും ഒന്നാം സ്ഥാനവും കരസ്ഥമാക്കുന്നവർക്ക് രൂപതാ തലത്തിൽ മത്സരിക്കാവുന്നതാണ്.

മത്സരദിനമായ ഫെബ്രുവരി 14-ാം തിയ്യതി രാവിലെ 9.00 മണിക്ക് തന്നെ പാസ്റ്ററൽ സെന്ററിലെത്തി പേര് രജിസ്റ്റർ ചെയ്ത് ചെസ്റ്റ് നമ്പർ കൈപ്പറ്റേണ്ടതാണ്. പാസ്റ്ററൽ സെന്ററിൽ നിന്നും ഭക്ഷണം ആവശ്യമുളവർ മത്സരം തുടങ്ങുന്നതിനു മുൻപേ തന്നെ പണമടച്ച് പേര് നൽകേണ്ടതാണ്.

**തിരുബാലസഖ്യം കളക്ഷൻ**

തിരുബാലസഖ്യത്തിന്റെ പ്രധാന പ്രവർത്തനം പാവങ്ങളെ സഹായിക്കുന്നതിലാണ്. കുഞ്ഞുങ്ങൾ സമാഹരിക്കുന്ന ഓരോ ചില്ലിക്കാശും സമാഹരിച്ച് തിരുബാലസഖ്യത്തിന്റെ രക്ഷാധികാരിയായ മാർപാപ്പയ്ക്ക് എല്ലാവർഷവും നാം അയച്ചു കൊടുക്കുന്ന പതിവുണ്ട്. അതിനാൽ ഈ വർഷം ഇടവകകളിൽ നാം സമാഹരിച്ച തുക മാർച്ച് മാസത്തിന് മുൻപായി





രൂപതാകേന്ദ്രത്തിലെത്തിക്കേണ്ടതാണ്. അതിലൂടെ പാവങ്ങളെ സഹായിക്കാൻ പര്യാപ്തമായ ഒരു മനസ്സ് കുഞ്ഞുങ്ങളിലൂടെ വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം.

എല്ലാ കുഞ്ഞുകൂട്ടുകാർക്കും തിരുബാല സഖ്യദിനത്തിന്റെ മംഗളങ്ങൾ നേരുന്നു.

**ഫാ. ജോബി കുന്നത്തേട്ട്**
ഡയറക്ടർ, കെ.സി.എസ്.എൽ.

# മാതൃസംഘം

**മാതൃസംഘം ഫൊറോനതല എക്സിക്യൂട്ടീവ് മീറ്റിംഗുകൾ**

എല്ലാഫൊറോനകളിലും മാതൃസംഘം ഫൊറോനതല മീറ്റിഗുകൾ സംഘടിപ്പിക്കുകയും പുതിയഫൊറോന ഭാരവാഹികളുടെ ലിസ്റ്റ് ഫൊറോനകോ-ഓഡിനേറ്ററുടെ ഒപ്പോടുകൂടി 2009 ഫെബ്രുവരി 28നു മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കുക. ഫൊറോന തല സെമിനാറുകളെക്കുറിച്ച് ചർച്ചചെയ്യുകയും തിയതികൾ തീരുമാനിച്ച് നടപ്പിലാക്കുകയും ചെയ്യുവാൻ പരിശ്രമിക്കണം.

**യൂണിറ്റ് രജിട്രേഷൻ**

2009 പ്രവർത്തന വർഷത്തിൽ ഇനിയും രജിസ്റ്റർ ചെയ്യുകയും രജി. ഫീസ് അടയ്ക്കുകയും ചെയ്യാത്ത യൂണിറ്റുകൾ 2009 ഫെബ്രുവരി 15 നു മുമ്പായി യൂണിറ്റിലെ എല്ലാ അംഗങ്ങളുടെയും പേരുകൾ ഉൾപ്പെടുത്തി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക. ശേഷം അംഗങ്ങളുടെ പേരുകൾ ചേർക്കുന്നതല്ല.

**യൂണിറ്റ് തല ഏകദിന സെമിനാറുകൾ**

ഓരോ യൂണിറ്റുകളിലും എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി വിശ്വാസാനുഭവ സെമിനാറുകൾ നടത്തുകയും യൂണിറ്റുകളെ സജീവമാക്കുകയും ചെയ്യുമല്ലോ പ്രതിമാസ സമ്മേളനങ്ങളുടെ തീയതികൾ മുൻകൂട്ടി തീരുമാനിക്കുകയും കൃത്യമായി നടത്തുകയും ചെയ്യുക.

**ഫൊറോനതല സെമിനാറുകൾ**

ഓരോ ഫൊറോനകളിലും 'കനലുകൾ' (പ്രവർത്തനമാർഗ്ഗരേഖ 2009) അനുസരിച്ച് സമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ ഫൊറോന കോ-ഓഡിനേറ്റേഴ്സ ശ്രദ്ധിക്കുമല്ലോ.

2009 മാർച്ച്- കോയമ്പത്തൂർ മേഖലയിലെ രാമനാഥപുരം, ഗാന്ധിപുരം, ഈറോഡ് ഫൊറോനകൾ.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം

# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനംനയിക്കുന്നത്** |
|---|---|---|
| ഫെബ്രു. | 15 - 20 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |
| ഫെബ്രു. | 22-27 | ആന്തരീക സൗഖ്യ വളർച്ചാ ധ്യാനം. ഫാ. റെനി പുല്ലുകാലായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

ഫെബ്രുവരി 1 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ഫെബ്രുവരി 14 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെ ഏകദിന കൺവെൻഷൻ.

ഫെബ്രുവരി 15 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**സെഹിയോൻ ടെലിവിഷൻ അവതരിപ്പിക്കുന്നു.**

1. "അഭിഷേകാഗ്നി" ശാലോം ടിവിയിൽ എല്ലാ ഞായറാഴ്ചയും രാത്രി 8.30 മുതൽ 9.00 വരെ. പുനഃസംപ്രേഷണം വെള്ളിയാഴ്ച രാവിലെ 11.00 മുതൽ 11.30 വരെയും, ഗൾഫ് എഡിഷനിൽ ശനിയാഴ്ച രാത്രി 1.30 മുതൽ 2.00 വരെ.
2. "മാറാനാത്ത" ജീവൻ ടിവിയിൽ എല്ലാ ശനിയാഴ്ചയും രാവിലെ 6.00 മുതൽ 6.30 വരെ.





3. "റാഫാ യഹോവ" തൽസമയ സംപ്രേഷണം മൂൺ ടിവിയിൽ (അട്ടപ്പാടി) എല്ലാ ആദ്യവെള്ളിയാഴ്ചയും പകൽ 11.30 മുതൽ 1.30 വരെ. വൈകിട്ട് 5 മുതൽ 7മണിവരെ.
4. "റാഫാ യഹോവ"- എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6.30 മുതൽ 7.00 മണി വരേയും എ.സി.വിയിൽ. എല്ലാ ചൊവ്വാഴ്ചയും രാത്രി 7.30 മുതൽ 8 മണിവരെ യു.ടി.വിയിൽ.
5. സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ ടെലിവിഷൻ പ്രോഗ്രാമുകളായ അഭിഷേകാഗ്നി, മാറാനാത്ത, റാഫാ യഹോവ തുടങ്ങിയവ goolge videosൽ ലഭിക്കുന്നതാണ്.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# സി.എം.എൽ

വചനം- പ്രാർത്ഥനാ ജീവിതത്തിൽ

| | | |
|---|---|---|
| ഫെബ്രുവരി 14 | ശനി- | സംസ്ഥാന എക്സിക്യൂട്ടീവ് 10.00AMപി ഒ.സി പാലാരിവട്ടം |
| " " 15 | ഞായർ- | മിഷൻ ലീഗ് അംഗങ്ങളെ ശാഖകളിൽ ഒരുമിച്ച് കൂട്ടി പരീക്ഷക്ക് തയ്യാറെടുക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക |

പ്രാർത്ഥനാ നിയോഗം- പരീക്ഷക്ക് ഒരുങ്ങുന്നവർ

സുകൃതം ജപം: "ബോധജ്ഞാനത്തിന്റെ സിംഹാസനമോ ,ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ."

**രൂപത എക്സിക്യൂട്ടീവ്**

ജനുവരി 14-ാം തിയ്യതി ബുധനാഴ്ച വൈകീട്ട് ആറുമണിക്ക് പാസ്റ്ററൽ സെന്ററിലെ സി എം എൽ ഓഫീസിൽ രൂപത എക്സിക്കുട്ടീവ്ചേരുകയും നവംബർ മാസം നടത്തിയ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് പ്രയാണത്തിന്റെ വരവ് ചിലവ് കണക്കുകൾ വായിച്ച് പാസ്സാക്കുകയും, ഭാവി പരിപാടികളെകുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി.എം.എൽ

# K.C.S.L

**കെ.സി.എസ്.എൽ**

സംസ്ഥാന കലോത്സവം: വിജയികൾക്ക് അഭിനന്ദനങ്ങൾ

ജനുവരി മാസം 10-ാം തിയ്യതി ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന 92-ാം വാർഷിക കലോത്സവത്തിൽ നമ്മുടെ രൂപതയുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു.സംസ്ഥാന തലത്തിൽ വിവിധ ഇനങ്ങളിലായി മികച്ച പ്രകടനം കാഴ്വച്ച് സമ്മാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് രൂപതാ കെ.സി.എസ്.എൽ ന്റെ പേരിൽ അഭിനന്ദനം നേരുന്നു. വിജയികളുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

**യു.പി വിഭാഗം**

കെ.സി.എസ്.എൽ ആന്തം 1 St Prize

എയ്ഞ്ചൽ ബി . മരിയ & പാർട്ടി, വിജയമാത, ചിറ്റൂർ

മോണോ ആക്ട്-III Prize

എൽസ ഷോബി,വിജയമാതാ, ചിറ്റൂർ

**ഹൈസ്കൂൾ വിഭാഗം**

ലളിതഗാനം- ആൺകുട്ടികൾ

ഷാരോൺ ടോമി ലൂർദ്മാതാ, മംഗലംഡാം

സ്റ്റഡി സർക്കിൾ-B Grade

ഹെമിൽഡാ ജോസ് & പാർട്ടി. ചെറുപുഷ്പം, വടക്കഞ്ചേരി

പ്രസംഗം: ഇംഗ്ലീഷ്- A Grade

അമല തോമസ് സെന്റ് തോമസ്, ഒലവക്കോട്

മാർഗ്ഗം കളി B Grade

ഡിനു ഡാനിയേൽ & പാർട്ടി ചെറുപുഷ്പം, വടക്കഞ്ചേരി

**ഹയർ സെക്കന്ററി വിഭാഗം**

കെ.സി.എസ് എൽ ആന്തം -III rd Prize

അജ്ജു ജോസ് & പാർട്ടി ,സെന്റ് തോമസ്, ഒലവക്കോട്

പാന A Grde

ലിനി തോമസ് -സെന്റ്തോമസ്, ഒലവക്കോട്

ലളിത ഗാനം C Grade

ലിനി തോമസ്, സെന്റ് തോമസ്, ഒലവക്കോട്

മോണോ ആക്ട്- C Grade

സീന മാത്യു സെന്റ് തോമസ്, ഒലവക്കോട്

കഥാപ്രസംഗം- A Grde





സീന മാത്യു -സെന്റ് തോമസ്, ഒലവക്കോട്

സ്റ്റഡി സർക്കിൾ A Grade

അഞ്ജു ജോസ് & പാർട്ടിസെന്റ് തോമസ്, ഒലവക്കോട്

പ്രസംഗം: മലയാളം -A Grade

സോണിയ ബാബു ചെറുപുഷ്പം, വടക്കഞ്ചേരി

കദളിക്കാട്ടിൽ പ്രസംഗം- A Grade

സോണിയ ബാബു ചെറുപുഷ്പം, വടക്കഞ്ചേരി

ലളിതഗാനം ആൺകുട്ടികൾ -C Grade

ടിജു ജോസ് ,സെന്റ് തോമസ്, ഒലവക്കോട്

വിജയികൾക്കും, ഇവർക്ക് പരിശീലനം നൽകിയ ആനിമേറ്റേഴ്സിനും, അധ്യാപകർക്കും അഭിനന്ദനങ്ങൾ

**പ്രവർത്തന വർഷ സമാപനവും, പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും.**

കെ.സി.എസ്.എൽന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തിരശ്ശീല വീഴുകയാണ്. പ്രവർത്തനവർഷ അവലോകനവും, പുതിയ രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെടുന്നത് ഫെബ്രുവരി 23-ാം തിയതി ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ വെച്ചായിരിക്കും. വിശദ വിവരങ്ങൾ കത്തിലൂടെ അറിയിക്കുന്നാണ്. അതിനു മുൻപായി കെ.സി എസ്. എൽ മായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും നിലവിലുള്ള ഭാരവഹികൾ തീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോബി കുന്നത്തേട്ട്**

ഡയറക്ടർ കെ.സി.എസ്.എൽ

## ഫ്രാൻസിസ്ക്കൻ അല്മായസഭയുടെ ത്രിദിന പഠനക്യാമ്പ്

[illegible] (SFO) [illegible] 2009 ഫെബ്രുവരി 27 [illegible]

[illegible]

[illegible] 9495414481

# പി.എസ്.എസ്.പി.

**SAFP സ്പോൺസർമാരുടെ ശ്രദ്ധയ്ക്ക്:**
സേവ് എ ഫാമിലി ബന്ഫാക്ടേസിന് ഇനിയും കത്തുകൾ അയയ്ക്കാത്തവർ എത്രയും വേഗത്തിൽ കത്തുകൾ പി.എസ്.എസ്.പി ഓഫീസിൽ എത്തിക്കേണ്ടതാണ്. ബന്ഫാക്ടേഴ്സിന് അയയ്ക്കേണ്ട കത്തുകൾ വൈകിയാൽ ആ കുടുംബത്തിന് ലഭിക്കുന്ന സഹായം നിന്നു പോകും.

**EDP ട്രെയിനിംഗ്** : സേവ് എ ഫാമിലി ഗുണഭോക്താക്കൾക്കായുള്ള സംരംഭകത്വ വികസന പരിശീലനം ഫെബ്രുവരി മാസം 21-10 തിയതി ശനിയാഴ്ച നെന്മാറ പാരിഷ് ഹാളിൽ വെച്ച് നടത്തുന്നതാണ്. മേലാർകോട് ഫെറോനയിൽപ്പെട്ട എല്ലാ SAFP ഗുണഭോക്താക്കളും നിർബന്ധമായും ഈ സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

**പ്രോഗ്രസ് റിപ്പോർട്ട്** : നവംബർ.ഡിസംബർ മാസങ്ങളിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിന് വേണ്ടി SAFP അക്കൗണ്ടിൽ നിന്ന് രൂപ പിൻ വലിച്ചവർ എത്രയും പെട്ടെന്ന് അതിന്റെ റിപ്പോർട്ട് ഓഫീസിൽ എത്തിക്കേണ്ടതാണ്.

**SHG മീറ്റിംഗ്:** SAFP ഗുണഭോക്താക്കൾ എല്ലാവരും നിർബന്ധമായും എസ് എച്ച് ജി കളിൽ അംഗങ്ങൾ ആയിരിക്കണം. തുടർച്ചയായി മീറ്റിംഗുകളിൽ പങ്കെടുക്കാത്തവർക്ക് എസ് എ എഫ് പി സഹായം നിന്നു പോകും.

**ഡിസംബർ - ജനുവരി മാസങ്ങളിൽ ആരംഭിച്ച വരുമാന വർദ്ധക പരിപാടികൾ**

| SL.No | സംരംഭം | എണ്ണം | തുക |
|---|---|---|---|
| 1 | ഡയറി യൂണിറ്റ് | 18 | 185000/- |
| 2 | ആട് വളർത്തൽ | 13 | 73000/- |
| 3 | ചായക്കട | 3 | 32000/- |
| 4 | ചെറുകിട കച്ചവടം | 8 | 72000/- |
| 5 | ടൈലറിംഗ് | 4 | 20000/- |
| 6 | കോഴി വളർത്തൽ | 28 | 11700/- |
| 7 | കൃഷി | 3 | 22000/- |
| 8 | വിദ്യാഭ്യാസം | 2 | 18000/- |
| 9 | ചികിത്സ | 4 | 6000/- |
| | | 81 | 439700/- |

SHG'SREPOT

**സ്ത്രീ ശാക്തീകരണ മേഖല**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്





4/02/09 ന് ബുധനാഴ്ച ജില്ല ഫെഡ് മീറ്റിംഗ് പി .എസ് .എസ്. പിയിൽ വെച്ച് നടത്തപ്പെടും.

**ബ്ലോക്ക് ഫെഡ് മീറ്റിംഗ്:-**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 09/02/09 | തിങ്കൾ | പാലക്കാട് മലമ്പുഴ | പാസ്റ്ററൽ സെന്റർ | 10.30 AM |
| 11/02/09 | ബുധൻ | മണ്ണാർക്കാട് | ഇരുമ്പകചോല | 10.30 AM |
| 11/09/09 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 10.30 AM |
| 12/02/09 | വ്യാഴം | ശ്രീകൃഷ്ണപുരം | ചെട്ടിയങ്ങാടി | 10.30 AM |
| 12/02/09 | വ്യാഴം | ആലത്തൂർ | എഫ്. സി .സി . വടക്കഞ്ചേരി | 11.00 AM |
| 13/02/09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 10.30 AM |

**സംഘം ഭാരവാഹികളുടെ സെമിനാർ:-**
10.30AM to 3.30 PM നടത്തുന്നതാണ്.

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 31/01/09 | ശനി | മണ്ണാർക്കാട് | കരിമ്പ പാരിഷ്ഹാൾ | 10.30-3:30 |
| 02/02/09 | തിങ്കൾ | ആലത്തൂർ | എഫ്.സി.സി വടക്കഞ്ചേരി | 10.30-3:30 |
| 05/02/09 | വ്യാഴം | കുഴൽമന്ദം മലമ്പുഴ, പാലക്കാട് | പാസ്റ്ററൽ സെന്റർ | 10.30-3:30 |
| 14/02/09 | ശനി | കടമ്പഴിപുറം | കുറ്റിപ്പാറ | 10:30-3:30 |

**SAFP SPED സെമിനാർ(വിഷയം) സ്ത്രീപുരുഷ സമത്വം**
പരിസ്ഥിതി ആഘാത പഠനം,സദ്ഭരണം

| തിയ്യതി | ദിവസം | സ്ഥലം |
|---|---|---|
| 06/02/09 | വെള്ളി | ഭാവന,കടപ്പാറ |
| 10/02/09 | ചൊവ്വ | നവോദയ, കുണ്ടുകാട് |
| 13/02/09 | വെള്ളി | ധന്യ എം എസ്, പൊൻകണ്ടം. |
| 16/02/09 | തിങ്കൾ | മറിയം ജ്യോതി,പൂതംകോട് |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ:-**

| തിയ്യതി | ദിവസം | സമയം | സ്ഥലം |
|---|---|---|---|
| 17/02/09 | ചൊവ്വ | 10.00-2:00 PM | സാൻജോ ടവർ |
| 18/02/09 | ബുധൻ | 10:00-2:00 PM | നെന്മാറ പാരിഷ്ഹാൾ |
| 19/02/09 | വ്യാഴം | 10:00-2:00 PM | കരിമ്പ പാരിഷ്ഹാൾ |

**സന്തോഷവാർത്ത:- (യൂണിവേഴ്സൽ മെഡിക്ലെയിം)**

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് പി.എസ്.എ

സ്.പി യൂണിവേഴ്സൽ ഹെൽത്ത് ഇൻഷൂറൻസ് എന്ന പേരിൽ ആരോഗ്യ ചികിത്സാ പരിരക്ഷാ പദ്ധതി നടത്തിവരുന്നു. ഇതിൽ ചേരുന്നവർക്കുള്ള പ്രീമിയം താഴെ പറയുന്ന നിരക്കുകളായി കുറച്ചിരിക്കുന്നു.

ഒരു വ്യക്തിക്ക് -Rs.300/-(പഴയനിരക്ക് 365 രൂപ)

5 പേർ അടങ്ങുന്ന കുടുംബത്തിന്-Rs.450/- (പഴയനിരക്ക് 548 രൂപ)

7പേർ അടങ്ങുന്ന കുടുംബത്തിന്- Rs.600/-(പഴയനിരക്ക് 730 രൂപ)

ഈ പദ്ധതിയിലേക്ക് വ്യക്തികളേയും കുടുംബങ്ങളേയും പി.എസ്.എസ്.പി ചേർക്കുന്നു.അപേക്ഷ ഫോമും നിർദ്ദേശങ്ങളും പി.എസ്.എസ്.പി യിൽ ലഭിക്കുന്നതാണ്.

ഇതുവരെ ലഭിച്ച ആനുകൂല്യം മുൻപ് ലഭിച്ചത്/ഈ മാസം ലഭിച്ചത്. ആകെ സംഖ്യ.

ലോക വനിതാ ദിനം പ്രമാണിച്ച് പി.എസ്.എസ്.പി 2009 മാർച്ച് 7 ന് വിവിധ പരിപാടികളോടെ വനിതാ ദിനം ആഘോഷിക്കുന്നു.

**തൊഴിൽ പരിശീലനം (ഇ.ഡി.പി ട്രെയിനിംഗ്)**

ചാലക്കുടി ബധൻ ജീവിത പഠന കേന്ദ്രവുമായി സഹകരിച്ച് പി.എസ്.എസ്.പി വിവിധ സ്ഥലങ്ങളിൽ വെച്ച് 25 ൽ പരം നിത്യോപകരണ സാധനങ്ങൾ ഉണ്ടാക്കുവാനും വില്ക്കുവാനുമുള്ള പരിശീലനം നടത്തപ്പെടുന്നു. 2009 ഫെബ്രുവരി നെന്മാറ പാരിഷ് ഹാൾ

2009 മാർച്ച് കാഞ്ഞിരപ്പുഴ പാരിഷ്ഹാൾ Rs.300 / കോഴ്സ് ഫീ. താല്പര്യമുള്ളവൻ രജിസ്ട്രേഷൻ ഫീസോടുകൂടി പി.എസ്.എസ്.പി യുമായി ബന്ധപ്പെടേണ്ടതാണ്.

**തയ്യൽ മെഷീൻ വിതരണം:-** പി.എസ്.എസ്.പിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്ക് തവണ വ്യവസ്ഥയിൽ തയ്യൽ മെഷീൻ എത്തിച്ച് കൊടുക്കുന്നു .അപേക്ഷിച്ച എല്ലാവർക്കും ജനുവരി -ഫെബ്രവരി മാസത്തിൽ എത്തിച്ചു കൊടുക്കുന്നു.

**PMEGP പദ്ധതി-(Prime Minister Employment Generation Proramme).**

തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് സബ്സിഡിയോടുകൂടി സംരംഭങ്ങൾ തുടങ്ങുന്നതിനു വേണ്ടി PMEGP എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രം ,ഖാദി കമ്മീഷൻ, ഖാദിബോർഡ് എന്നിവർക്കാണ് നടത്തിപ്പിന്റെ ചുമതല സംരംഭകർക്ക് 25 ലക്ഷം രൂപ വരെ വായ്പ ലഭിക്കുകയും 25%-35% വരെ സബ്സിഡി ലഭിക്കുകയും ചെയ്യുന്നു. വായ്പ ആവശ്യമുള്ളവർ മേൽപറഞ്ഞ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.ഇതിന്റെ ജില്ലാ തല ഉദ്ഘാടനം 19/10/09 ന് ഹോട്ടൽ ഖസാലയിൽ വെച്ച് ബഹുമാനപ്പെട്ട മുൻ ജില്ലാ കളക്ടർ ശ്രീ എസ് ശ്രീനിവാസൻ നിർവഹിച്ചു. പ്രസ്തുത പരിപാടിയിൽ





പി.എസ്.എസ്.പി യിൽ നിന്നും 30 പ്രതിനിധികൾ പങ്കെടുത്തു.

**CRS-HIV/AIDS പദ്ധതിയുടെ ഫെബ്രുവരി 08 ലെ പ്രവർത്തന രൂപ രേഖ**

| Date | സ്ഥലം/സമയം | പരിപാടി |
|---|---|---|
| 2/2/09 | PDNP+,കൊപ്പം10-4 PM | HIV ബാധിതർക്കുള്ള രണ്ടാം ദിന സ്വയം തൊഴിൽ പരിശീലനം |
| 6/2/09 | പട്ടഞ്ചേരി പഞ്ചായത്ത്ഹാൾ 11-12.30 PM | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി FOLLOW-UP മീറ്റിംഗ് |
| 11/2/09 | SPHS School കൊഴിഞ്ഞാമ്പാറ | HIV/AIDS ബോധവൽക്കരണ സെമിനാർ |
| 12/2/09 | പാസ്റ്ററൽ സെന്റർ 10-4 PM | HIV ബാധിതരുടെ/കുടുംബാംഗങ്ങളുടെ ഏകദിന ശാക്തീകരണ സെമിനാർ |
| 13/2/09 | പെരുമാട്ടി പഞ്ചായത്ത് 3-4 PM | ത്രൈമാസ അവലോകന യോഗം. |
| 21/2/09 | പെരുമാട്ടി പഞ്ചായത്ത് 10-4 PM | കൗമാരപ്രായക്കാരുടെ മോട്ടീവേഷൻ ക്യാംപ് |
| 28/2/09 | പാസ്റ്ററൽ സെന്റർ 10-1 PM | കുട്ടികളുടെ മാസയോഗവും പോഷകാഹാര കിറ്റ് വിതരണവും |
| | | 11-1 PM HIVബാധിതരുടെ / കുടുംബാംഗങ്ങളുടെ ശാക്തീകരണ സെമിനാർ |
| | 2-5 PM | HIV ബാധിതരുടെ മാസയോഗവും പോഷകാഹാര കിറ്റ് വിതരണവും |

**ഫാ. അബ്രാഹം പാലത്തിങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**ജനുവരി 2009**

1. എടക്കുന്ന് ഇടവകയിൽ ബഹു. വർഗ്ഗീസ് വാളൂക്കാരൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് പാടി. എടക്കുന്ന് പ്രീസ്റ്റ് ഹോം സന്ദർശിച്ചു.
   – പാലന പീഡിയാട്രിക്ക് ഇന്റൻസീവ് കെയർ യൂണിറ്റും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു.
3. സ്നേഹഗിരി (കല്ല) സെന്റ് പോൾ ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു. കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സൈഥര്യലേപനവും നൽകി.
   – മണ്ണാർക്കാട് ഹോളി സ്പിരിറ്റ് ഫൊറോന ദേവാലയത്തിൽ ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ നവസന്യാസിനികളുടെ പ്രഥമ വൃത വാഗ്ദാന ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് വി. കുർബാന അർപ്പിച്ചു.
4. കൊല്ലങ്കോട് ഹോളി ഫാമിലി മഠത്തിൽ നൊവിസസ്സിന് ക്ലാസ്സെടുത്തു.
6. അരമനയിൽ രൂപതയിലെ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.
7. മുണ്ടൂർ യുവക്ഷേത്രയിൽ വിവാഹത്തിനൊരുക്കമായി നടന്ന പ്രീകാന കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.
   – ധോണി സ്റ്റാർട്ടിൽ പി. എസ്. എസ്. പി. സംഘടിപ്പിച്ച വൈദികർക്കായുള്ള സെമിനാറിൽ സന്ദേശം നൽകി.
8. ബഹു. തോമസ് അച്ചാണ്ടി സി. എം. ഐ.യുടെ സന്ന്യാസ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് പാലന സി. എം. ഐ. ഭവനിൽ വി. കുർബാന അർപ്പിച്ചു.
9. പാലക്കാട് ജിം ഓഫ്സെറ്റ് പ്രസ്സിന്റെ പുതിയ സംരംഭമായ ജിം ലേസർ വേൾഡ് ഉദ്ഘാടനം ചെയ്തു.
10. തൃശ്ശൂർ പോപ്പ് പോൾ പീസ് ഹോം സന്ദർശിച്ചു. " ബാഷ്പ ഗീതങ്ങൾ" എന്ന പുസ്തകം പ്രകാശനം ചെയ്തു.
    – എറണാകുളം ലിസി ഹോസ്പിറ്റലിൽ രോഗീ സന്ദർശനം നടത്തി.
11. കല്ലടിക്കോട് മേരീമാതാ ഇടവകയുടെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.
12. കുനിയമുത്തൂർ നിർമ്മല മാതാ ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷിക പൊതു സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
13. രൂപത കച്ചേരിയിൽ രൂപതാ ഗവേണിംഗ് ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.
    – രൂപത നിയമാവലിയുടെ ഡ്രാഫ്റ്റ് സംബന്ധിച്ച ചർച്ചയിൽ സംബന്ധിച്ചു.
14. യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ BHMന് സെക്കന്റ് റാങ്ക് നേടിയ വിദ്യാർത്ഥിയെ അനുമോദിക്കാൻ വേണ്ടി സംഘടിപ്പിച്ച മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.





– യാക്കര ഹോളി ട്രിനിറ്റി ദേവാലയത്തിൽ ധ്യാനത്തിന് സമാപന സന്ദേശം നൽകി.

15. കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഐ. ടി. സി.യുടെ പുതിയ ബ്ലോക്ക് വെഞ്ചരിച്ചു.
16. കഞ്ചിക്കോട് അസിസ്സീ ഹയർ സെക്കന്ററി സ്കൂളിന്റെ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
17. കാലടി, ചെങ്ങലിൽ സെന്റ് ജർമിയൻസ് കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.
    – എറണാകുളം ലിസി ഹോസ്പിറ്റലിൽ രോഗീ സന്ദർശനം നടത്തി.
18. മൂച്ചംകൂണ്ട് സെന്റ് ആന്റണീസ് ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു. പുതുതായി പണിതീർത്ത വൈദിക മന്ദിരം വെഞ്ചരിച്ചു.
    – എം. എസ്. ടി. ഭവനിൽ വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.
    – കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.
19. ഇരിങ്ങാലക്കുട പാക്സിൽ നടന്ന ഇന്റർക്യൂരിയ മീറ്റിംഗിൽ സംബന്ധിച്ചു.
22. അരമനയിൽ രൂപത നിയമാവലിയെ സംബന്ധിച്ച ചർച്ചയിൽ അദ്ധ്യക്ഷം വഹിച്ചു.
24. പാലക്കാട് സെന്റ് റാഫോൽസ് കത്തീഡ്രൽ സ്കൂൾ വാർഷിക പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.
    – രൂപത കെ. സി. വൈ. എമ്മിന്റെ 32–ാം സെനറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.
25. ചുള്ളിയാംകുളം ഹോളി ഫാമിലി ഇടവകയിൽ വി. കുർബാന അർപ്പിച്ചു.
    – മുണ്ടൂർ സീനായ് ധ്യാനകേന്ദ്രത്തിൽ നടന്ന ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി.
26. ലോഗോസ് ക്വിസിലും ബൈബിൾ കലോത്സവത്തിലും മികച്ച സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് രൂപത പാസ്റ്ററൽ സെന്ററിൽ സമ്മാനദാനം നിർവ്വഹിച്ചു.
27. പാലന ട്രസ്റ്റി കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

28–29 ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരി കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

30 അകമലവാരം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു. പുതിയതായി നിർമ്മിച്ച ഗ്രോട്ടോ വെഞ്ചരിച്ചു.

31. പാലക്കാട് മേഴ്സി കോൺവെന്റിൽ ആറ് സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.
    – മേരീലാന്റ് പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil
Published by: Fr. Dominic Aippenparambil
Bishop's House, Palakkad - 678 004.